പരിശുദ്ധ പിതാവിന്റെ
ദീപ്ത സ്മരണയ്ക്കു മുമ്പിൽ
പ്രാർത്ഥനയോടെ...



വെരി. റവ. ജേക്കബ് ജോൺസ്
കോർ എപ്പിസ്കോപ്പയും കുടുംബവും
ചെങ്ങന്നൂർ

പുരോഹിതൻ

2025 മാർച്ച് — മലങ്കരസഭാ വൈദിക പത്രിക

പ്രാർത്ഥന കേട്ടിടുന്നോനേ! – യാചന നൽകിടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം – യാചനയെ നൽകീടണമേ.

Forever remembered,
Forever in His Care

Rev. Fr. Varghese George

(26.11.1960-05.12.2016)

Carmel Villa

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ–
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

Inserted by loving family

May His Memory be Eternal



Rev. Fr. Y. John

03.09.1951-28.12.2024

Inserted by loving family

Spouse: Col. Lissy John (Retd.)
Children:
Adv. J. L. Joel & Major Sini Thomas
Dr. Joshua John & Dr. Neethu Varghese
Grand Children:
Leonel Joel, Maybel Joel

പുരോഹിതൻ

മലങ്കരസഭാ വൈദിക പത്രിക

Official Organ of Clergy Association
of the Orthodox Syrian Church of the East

2025 മാർച്ച്

EDITORIAL BOARD

Patron :
H. H. Baselios Marthoma Mathews III
(Catholicose of the East and Malankara Metropolitan)

President :
H. G. Dr. Mathews Mar Thimothios Metropolitan

Chief Editor :
Fr. Dr. Ninan V. George
(General Secretary)

Associate Editor :
Fr. Dr. Mathew Varghese
(Joint Secretary)

Managing Editor :
Fr. Job Sam Mathew

MEMBERS

Fr. Dr. P. S. Varghese
Fr. Thomas P. Mukalil
Fr. Shalu Lukose

ADVISORY BOARD

Fr. Dr. Thomas Varghese Amayil
Fr. Dr. John Thomas Karingattil
Fr. Dr. Jossi Jacob
Fr. Dr. Sunny Chacko
Fr. Dr. Bijesh Philip
Fr. Zacharia Thomas

Printed at
Alois Graphics, Kottayam-1
Tel: 94470 69847

If Undelivered Please return to Secretary,
St. Thomas Orthodox Vaidheeka Sangam
Orthodox Theological Seminary,
Kottayam-1, Kerala

ഉള്ളടക്കം

അനുഗ്രഹ സന്ദേശം
ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 02

അദ്ധ്യക്ഷ സന്ദേശം
ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 04

എഡിറ്റോറിയൽ
ഫാ. ഡോ. നൈനാൻ വി. ജോർജ് 08

സമകാലിക ഭാരതത്തിലെ പ്രേഷിത ദൗത്യം: സാധ്യതകളും വെല്ലുവിളികളും
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ 11

ഇടയശുശ്രൂഷയിലെ മാധ്യമ സാധ്യതകൾ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 16

സാംസ്കാരിക ആധുനികതയും പൗരസ്ത്യ ആദ്ധ്യാത്മികതയും
ഫാ. ഡോ. ജോസ്സി ജേക്കബ് 21

A Study on Contemplation in Orthodox Spirituality
Fr. Dr. Ninan K. George 28

ആത്മീയ അനുഷ്ഠാനചര്യകളും സാംഗത്യവും
ഫാ. ജോബ് സാം മാത്യു 34

Revisiting Past General Statements 1989 - 2022
Fr. Dr. Jose John 38

ജനറൽ സെക്രട്ടറിയുടെ കത്ത് 43

അനുഗ്രഹ സന്ദേശം

ബസേലിയോസ് മാർത്തോമാ മാത്യൂസ്
തൃതീയൻ കാതോലിക്കാ ബാവാ

കർത്താവിൽ വാത്സല്യമുള്ള വൈദിക സഹോദരങ്ങളെ,

പൗരസ്ത്യ ആദ്ധ്യാത്മികത ആരാധനയിൽ അധിഷ്ഠിതമാണ്. യാമ നമസ്കാരങ്ങളും രഹസ്യ പ്രാർത്ഥനകളും ഉപവാസവും നോമ്പും ഇതിൽ സുപ്രധാനമാണ്. അവയെ മാറ്റിവച്ച് അദ്ധ്യാത്മിക ജീവിതം നയിക്കാനാവില്ല. അത് വിശ്വാസികളുടെ വിശേഷാൽ വൈദികരുടെ ആത്മീയ ശക്തിസ്രോതസ്സാണ്. അടിസ്ഥാനപരമായ വീക്ഷണങ്ങളെ സ്പഷ്ടമാക്കുവാൻ പൗരസ്ത്യ വേദശാസ്ത്ര അന്വേഷണങ്ങൾ ശ്രമിക്കാറുണ്ട്. എന്നാൽ സർവ്വത്തെയും ശാസ്ത്രീയമായ അപഗ്രഥനത്തിനു വിധേയമാക്കി വിശദീകരണം നൽകുവാൻ പൗരസ്ത്യചിന്ത തുനിയുന്നില്ല എന്നത് ശ്രദ്ധേയമാണ്. അതിനാൽ പൗരസ്ത്യ ചിന്ത പാശ്ചാത്യ ചിന്തയിൽ നിന്നും വിഭിന്നമാണ്.

സഭയുടെ പരിശുദ്ധ പാരമ്പര്യത്തിന്റെ അടിത്തറയിലാണ് പൗരസ്ത്യ അന്വേഷണങ്ങൾ മുന്നോട്ടുപോകുന്നത്. അത് അന്വേഷകന്റെ ജീവിത വിശുദ്ധി, ആത്മീയ അനുഷ്ഠാനങ്ങളിലുള്ള കൃത്യത, പ്രാർത്ഥനയിലുള്ള ജാഗ്രതയും ഉത്തരവാദിത്വവും മുതലായവ ആവശ്യപ്പെടുന്നു. ഓരോ നിമിഷവും ദൈവത്തിലുള്ള വിശ്വാസം വർദ്ധിക്കുക എന്ന ഉദ്ദേശ്യമാണ് പൗരസ്ത്യ ആധ്യാത്മികതയിലുള്ളത്. അതോടൊപ്പം പരിശുദ്ധ സഭയോടുള്ള ബന്ധം ആഴപ്പെടുന്നതും സഹജീവികൾക്കായി കരുണയോടും സ്നേഹത്തോടും ശുശ്രൂഷ നിർവഹിക്കുന്നതും ഇതിന്റെ ഭാഗമായിത്തീരുന്നു. ഇതാണ് പൗരസ്ത്യ ചിന്തയിൽ ആത്മീയ അന്വേഷണങ്ങളുടെ ഉദ്ദേശ്യം.

സെമിനാരികളിലും ദയറാകളിലും പൗരസ്ത്യ ആധ്യാത്മികതയുടെ ചൈതന്യം വെളിപ്പെടണം. അവിടെ ആത്മീയ അന്വേഷകരായി കടന്നുചെല്ലുന്നവരെ ആത്മീയതയുടെ ആഴങ്ങളിലേക്ക് പ്രവേശിപ്പിക്കുവാനാകണം. പൗരസ്ത്യ പിതാക്കന്മാരുടെ കൃതികൾ അവിടെ നിരന്തരം വായനയ്ക്കും പ്രഘോഷണത്തിനും ധ്യാനത്തിനും വിഷയീഭവിക്കണം. അവിടെനിന്നും സഭാ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന

വൈദികർ വിശ്വാസികളുടെ കൗദാശിക ആവശ്യങ്ങൾ നടത്തിക്കൊടുക്കുക എന്നതിൽ സംതൃപ്തരാകരുത്. പുരോഹിതൻ ജനങ്ങളുടെ സ്നേഹിതനും പിതാവുമായി വർത്തിക്കണം. നമ്മുടെ പൗരോഹിത്യം യേശുക്രിസ്തുവിന്റെ പൗരോഹിത്യമാണ്. യേശുക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയുടെ സ്വഭാവം വൈദികരിലുണ്ടാകണം. അതിലെ പ്രഥമവും പ്രധാനവുമായ ഘടകം മധ്യസ്ഥത അണയ്ക്കുക എന്നതാണ്. ദൈവത്തിൽ നിന്നും ശക്തി പ്രാപിച്ച് ഈ ദൗത്യം നിർവ്വഹിപ്പാൻ ശ്രദ്ധിക്കേണ്ടതുണ്ട്. വിശുദ്ധീകരണവും ശക്തീകരണവും നൽകുന്ന കൂദാശകളിൽ ഒരുക്കത്തോടും ഭക്തിയോടും പങ്കുചേരണം.

പൗരോഹിത്യ ശുശ്രൂഷയിൽ ലോകത്തോടുള്ള ഉത്തരവാദിത്വം വലുതാണ്. യോഹന്നാൻ സ്ഥാപകന്റെയും യേശുക്രിസ്തുവിന്റെയും പ്രവാചക മാതൃക പുരോഹിതർ പിന്തുടരണം. സാമൂഹ്യപ്രതിബദ്ധതയുള്ള പുരോഹിതൻ അഴിമതി, മദ്യപാനം, മയക്കുമരുന്ന്, വികലമായ ബന്ധങ്ങൾ, പരിസ്ഥിതി നശീകരണം മുതലായ പ്രശ്നങ്ങളോടു പ്രതികരിക്കണം. മാതൃകാ ജീവിതം നയിക്കുന്ന പുരോഹിതർക്കാണ് ഈ പ്രവാചക ദൗത്യം ഫലപ്രദമായി നിർവ്വഹിക്കാനാവുകയുള്ളൂ.

വന്ദ്യനായ റ്റി. ജെ. ജോഷ്വാ അച്ചൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു. "സാമൂഹികപ്രശ്നങ്ങൾ, പാരിസ്ഥിതിക വിഷയങ്ങൾ, മാധ്യമ പഠനങ്ങൾ എന്നിവയിൽ ശാസ്ത്രീയവും പ്രായോഗികവുമായ സമീപനങ്ങൾ വേദശാസ്ത്രപഠനത്തിൽ രൂപപ്പെടണം. എങ്കിൽ മാത്രമേ അജപാലന ശുശ്രൂഷയ്ക്ക് കാലത്തിന്റെ പുത്തൻ വെല്ലുവിളികളെ അതിജീവിക്കുവാൻ കഴിയൂ."

പരിശുദ്ധ സഭയുടെ ഭാഗമായ നാം ഓരോരുത്തരും ജീവിക്കുന്ന ഈ ലോകത്തിൽ വരുന്ന മാറ്റങ്ങളെ ശ്രദ്ധിക്കണം. പ്രശ്നങ്ങൾ വിശകലനത്തിനു വിധേയമാക്കി അവയുടെ പരിഹാരത്തിന് പരിശ്രമിക്കണം. അപ്പോൾ പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികത അതിന്റെ പൂർണ്ണതയിൽ ആവിഷ്കരിക്കപ്പെടും. വൈദികരുടെ കൂട്ടായ്മകൾ ഇതിന് പ്രചോദനവും മാർഗ്ഗദർശനവും പകരുന്നതാകണം. സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും സമൂഹത്തിലെ എല്ലാ മേഖലയിലുള്ളവരുമായി യോജിച്ച് പ്രവർത്തിക്കുവാൻ കഴിയണം.

പുരോഹിതന്റെ ജീവിത വീക്ഷണങ്ങളും, ലക്ഷ്യങ്ങളും ഒക്കെ ഈ ലോകത്തെ ജയിക്കുന്നതാകണമെങ്കിൽ അതിനു ആത്മീയ അടിത്തറയുണ്ടാകണം; അല്ലെങ്കിൽ നാമും ലോകത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോയേക്കാം. നമുക്കും വിശ്വസ്തരും ബുദ്ധിമാന്മാരുമായ ദാസന്മാരാകുവാൻ ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കാം.

അദ്ധ്യക്ഷ സന്ദേശം

സെദറാകളിലെ ഓർത്തഡോക്സ് വിശ്വാസവീഥികൾ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്
മെത്രാപ്പോലീത്താ

പരിശുദ്ധ സഭയുടെ ആരാധനാജീവിതത്തിലെ അവിഭാജ്യഘടകമായ പ്രുമിയോൻ-സെദറാ പ്രാർത്ഥനകളുടെ ആശയ സമ്പുഷ്ഠതയും വിശ്വാസപഠനരംഗത്തെ അവയുടെ പ്രാധാന്യവും ചർച്ച ചെയ്യപ്പെടേണ്ടതും പഠനവിധേയമാക്കേണ്ടതുമാണ്. നമ്മുടെ അനുദിന പ്രാർത്ഥനാജീവിതത്തിലും സഭാ ശുശ്രൂഷകളിലും ഈ പ്രാർത്ഥനകൾ പതിവ് വായനകൾക്കപ്പുറമായി പഠനത്തിനും ധ്യാനത്തിനും കൂടി ഉപയോഗപ്പെടുത്തുന്നത് സത്യവിശ്വാസത്തിന്റെ പരിപോഷണത്തിന് ഏറെ സഹായകമാണ് എന്നതിന് സംശയമില്ല. വിശ്വാസരഹസ്യങ്ങളുടെയും ഓർത്തഡോക്സ് വിശ്വാസവീഥികളുടെയും വലിയൊരു നിക്ഷേപമാണ് നമ്മുടെ എല്ലാ സെദറാ പ്രാർത്ഥനകളും.

'മുഖവുര' അല്ലെങ്കിൽ 'ആമുഖപ്രാർത്ഥന' (Introductive Prayer, Preface) എന്ന് വിശേഷിപ്പിക്കാവുന്ന പ്രുമിയോൻ വായനയിൽ അതാത് വിഷയങ്ങളുടെ സംക്ഷിപ്തമായ വിവരണമാണ് നൽകുന്നത്. അതെ തുടർന്ന് വായിക്കപ്പെടുന്ന പ്രാർത്ഥനകളുടെ ഒരു 'നിര' അല്ലെങ്കിൽ 'കൂട്ടം, തുടർപ്രാർത്ഥന' (Group of Prayers, Continous Prayer, A Row of Prayers`) എന്നെല്ലാം വിശേഷിപ്പിക്കാവുന്ന ദീർഘമായ പ്രാർത്ഥനകളാണ് സെദറാകൾ. പ്രുമിയോൻ ഉണ്ടെങ്കിൽ സെദറായും ഉണ്ടായിരിക്കും. 'പ്രുമിയോൻ ഇല്ലാതെ സെദറായോ, സെദറാ ഇല്ലാതെ പ്രുമിയോനോ ഇല്ല.' ഏഴാം നൂറ്റാണ്ടുമുതൽതന്നെ ഈ വിധ പ്രാർത്ഥനകൾ സഭയിൽ സജീവമായിരുന്നു എന്നാണ് ചരിത്രം സാക്ഷിക്കുന്നത്. ഓരോ വിഷയങ്ങളിലും അതിന്റെ ചരിത്രം, വിശ്വാസസത്യങ്ങൾ, രക്ഷാദൗത്യം മുതലായ വിശ്വാസരഹസ്യങ്ങളെ എല്ലാം കോർത്തിണ

ക്കിയാണ് ഈ പ്രാർത്ഥനകൾ വിരചിതമായിരിക്കുന്നത്. നല്ലൊരു ധ്യാനാനുഭവമാണ് സെദറാ പ്രാർത്ഥനകൾ നൽകുന്നത്.

പെങ്കീസാ നമസ്കാരങ്ങൾ, പെരുനാൾ ക്രമങ്ങൾ, വിശുദ്ധ കുർബ്ബാന, കഷ്ടാനുഭവ ആഴ്ച്ച, നിനുവെ നോമ്പ്, വലിയ നോമ്പ്, മറ്റ് ആരാധനാക്രമങ്ങൾ തുടങ്ങി നിരവധി പ്രാർത്ഥനകളാണ് ഈ വിഭാഗത്തിൽ നമുക്ക് ലഭിച്ചിട്ടുള്ളത്. പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, കോനാട്ട് മല്പാന്മാർ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ മുതലായവർ ഈ മേഖലയിൽ നല്കിയ സംഭാവനകൾ മലങ്കരസഭയുടെ വിശ്വാസനിധി നിക്ഷേപങ്ങളാണ്. മലയാള തർജ്ജമയിലൂടെ എല്ലാവർക്കും സുഗ്രാഹ്യവും ലഭ്യവുമായ ഈ പ്രാർത്ഥനാകൂട്ടങ്ങൾ വേണ്ടവിധം വിശ്വാസപഠനത്തിന് ഉപയോഗിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

ആരാധനാക്രമത്തിൽ ഏറ്റവും അധികം വിശ്വാസപഠനം ഉൾകൊള്ളുന്നത് പെങ്കിസാ നമസ്ക്കാരങ്ങളിലെ വായനാ ഭാഗങ്ങളിലാണ്. കൂദോശ് ഈത്തോ മുതൽ സ്ലീബാപ്പെരുന്നാൾ വരെയുള്ള പ്രാർത്ഥനകളിൽ, ഓരോ വിശേഷ ദിവസങ്ങളിലെയും സെദറാ വായനകളിൽ അതാത് ദിവസത്തെ ദൈവശാസ്ത്രം, വിശ്വാസനിർവ്വചനങ്ങൾ, വിശേഷണങ്ങൾ, അപേക്ഷകൾ എല്ലാം പ്രതിപാദിച്ചാണ് ഓരോ യാമത്തിലെയും പ്രാർത്ഥനകൾ പൂർത്തീകരിക്കുന്നത്.

"...ഗർഭത്തിനുള്ളിൽ നീ ഒമ്പതുമാസം പാർത്തു. അപ്പോഴും മേലും, താഴെ എല്ലാ സ്ഥലത്തും ഗർഭത്തിലും ഒരുപോലെ നീ സ്ഥിതി ചെയ്തിരുന്നു. നീ ശിശുവായി കന്യകയിൽ വസിച്ചിരുന്നപ്പോഴും വിവാഹിതകളുടെ ഗർഭങ്ങളിൽ പ്രജകളെ ആകൃതിപ്പെടുത്തിക്കൊണ്ടിരുന്നു. നീ ശിശുവായി പാൽ കുടിക്കുമ്പോൾ നിന്റെ ദൈവിക ശക്തിയിൽ സർവ്വ സൃഷ്ടികളെയും പരിരക്ഷിച്ചുകൊണ്ടിരുന്നു. ഉണ്ണിയായി, കീറ്റുശീലയാൽ പൊതിയപ്പെട്ടിരുന്നപ്പോൾ, സ്വർഗ്ഗത്തെ മേഘങ്ങളാലും ഹിമത്താലും നിറച്ചിരുന്നു. നിന്ദ്യമായ പുൽക്കൂടിൽ ബലഹീനനെപ്പോലെ മലർന്നുകിടക്കുമ്പോഴും നിന്റെ ദൈവിക ശക്തിയാൽ അഖിലാണ്ഡത്തെയും നീ ഭരിച്ചുകൊണ്ടിരുന്നു. യുവതിയായ നിന്റെ മാതാവ് നിന്നെ താലോലിച്ചുകൊണ്ടിരിക്കുമ്പോഴും കാഴ്ചയ്ക്ക് ഭയങ്കരമായ രഥത്തിൽ, ജീവവണ്ടികളിൽ നീ പുകഴ്ത്തപ്പെട്ടിരുന്നു...". യൽദോ പെരുന്നാളിൽ രാത്രി ഒന്നാം കൗമായിലെ സെദറായിലെ ഒരു ഭാഗമാണിത്. വിശദ

മായ ദൈവത്തിന്റെ മഹനീയമായ മനുഷ്യാവതാരവ്യാപരത്തെയാണ് പിതാക്കന്മാർ ഇവിടെ വർണ്ണിക്കാൻ ശ്രമിക്കുന്നത്.

ദനഹായ്ക്ക് ശേഷമുള്ള ഒന്നാം ഞായറാഴ്ച്ചയിലെ ഒരു വായനയുടെ ആരംഭം ഇപ്രകാരമാണ്: "ബലവാനും, ഭയങ്കരനും, വീരപരാക്രമിയും, സ്വാധികാരത്താൽ സകല സൃഷ്ടിയെയും ഭരിച്ചും, സ്വന്ത നിയന്ത്രണത്താൽ അഖിലാണ്ഡത്തെ വഹിച്ചും ഇരിക്കുന്ന അധികാരിയും, എരിതീയിൻ വണ്ടികളിൽ മഹത്വീകരിക്കപ്പെട്ടിരിക്കുന്ന പ്രബലനും, തന്റെ ഉദയത്താൽ സകല ചരാചരങ്ങളെയും പ്രകാശിപ്പിക്കുന്ന നിത്യതേജസും അഗ്നിമയമായ തന്റെ കാന്തി മാഹാത്മ്യത്താൽ പാപത്തെ ഉന്മൂലനം ചെയ്ത പുതിയ സൂര്യനും ആയിരിക്കുന്ന കർത്താവേ!". ഇവിടെ കർത്താവിന് നൽകുന്ന വിശേഷണവും അതിന്റെ ആന്തരികവും വേദശാസ്ത്രപരവുമായ അർത്ഥം എത്രയോ മഹത്തരമാണ്. തുടർന്ന് "നീ ആദിയിൽ സൃഷ്ടിയെ ഉളവാക്കി. വ്യാപകമായ ജലത്താൽ ആകാശത്തിൻകീഴിലുള്ള സകലത്തെയും നീ പ്രളയാധീനമാക്കി. ജലത്തിൽ ഒരു ശിശുവിനെപ്പോലെ ഭൂമിയെ നീ പുതുക്കി. നിന്റെ ദിവ്യനിയോഗത്താൽ ജലത്തെ മൂന്നു ഭാഗമായിട്ടു നീ നിറുത്തി. കുറെ ആകാശത്തിൽ നീ കയറ്റി; കുറെ ഭൂമിക്കു താഴെ നീ ബന്ധിച്ചു; കുറെ ഭൂമിയിൽനിന്ന് ഊറ്റും തടാകങ്ങളും നദികളും സമുദ്രങ്ങളുമായിട്ടു നീ ഒഴുക്കി. സൃഷ്ടിയുടെ പാനീയത്തിനായി ഏദനിലെ നാലു നദികളെയും നീ ക്രമീകരിച്ചു. മഹത്തരമായ ജീവികളെയും സർപ്പങ്ങളെയും വെള്ളത്തിൽനിന്നു നീ ഉളവാക്കി. ജലമാർഗ്ഗമായി ഗതാഗതം ചെയ്യുന്ന അനവധി മത്സ്യങ്ങളെയും നീ സൃഷ്ടിച്ചു. ദുഷ്ടതയും മാത്സര്യവും നിറഞ്ഞ ആദ്യത്തെ തലമുറയെ ജലപ്രളയത്തിൽ നീ മുക്കി. അവരുടെ നിന്ദ്യപാപത്തെ അതിൽ താഴ്ത്തി മായിച്ചുകളഞ്ഞു..." ദൈവത്തിന്റെ സൃഷ്ടിവൈഭത്തെയും പഴയനിയമ വേദശാസ്ത്രങ്ങളെയും വളരെ മനോഹരമായി സംയോജിപ്പിച്ച് പരിശുദ്ധാത്മ നിറവിൽ രചിച്ച ഈ പ്രാർത്ഥനകളിൽ ഉൾകൊള്ളുന്ന സത്യവിശ്വാസവിചാരധാരകൾ ആരെയാണ് വിസ്മയിപ്പിക്കാത്തത്! ഒരു സാഹിത്യകാരനോ ഭാഷാ ശാസ്ത്രജ്ഞനോ ആധുനികതയുടെ ഒരു ബുദ്ധിവൈഭവത്തിനോ ഈ വിധം ഒരു ഖണ്ഡികപോലും തയ്യാറാക്കാൻ കഴിയുമെന്ന് കരുതുന്നില്ല, കാരണം ഇവയെല്ലാം വിരചിതമായത് പരിശുദ്ധാത്മപ്രേരിതമായാണ്.

പെന്തിക്കോസ്തി ശുശ്രൂഷയിലെ ത്രിത്വ വ്യാഖ്യാനം ഏത്രയോ ആഴമേറിയതാണ്. "അവൻ ആചാര്യത്വം നൽകുന്നവനും മാമൂദീസായെ പൂർണ്ണമാക്കുന്നവനും കൂദാശകളെ വിശുദ്ധീകരിക്കുന്നവനും

പാപങ്ങളെ പരിഹരിക്കുന്നവനുമാകുന്നു. റൂഹാ ആഴമേറിയ കാര്യങ്ങൾ പരിശോധിക്കുന്നവനും നിഗൂഢകാര്യങ്ങൾ സംസാരിക്കുന്നവനും ഭാവിസംഗതികൾ അറിയിക്കുന്നവനും അത്ഭുതകർമ്മങ്ങൾ പ്രവർത്തിക്കുന്നവനും ആകുന്നു. വിശുദ്ധ റൂഹാ എടുക്കുന്നവനാകുന്നു, എടുക്കപ്പെടുന്നവനല്ല. അവൻ പൂർത്തീകരിക്കുന്നവനാകുന്നു. പൂർത്തീകരിക്കപ്പെടുന്നവനല്ല. സംസാരിക്കുന്നവനാകുന്നു, സംസാരിക്കപ്പെടുന്നവനല്ല. ശുദ്ധീകരിക്കുന്നവനാകുന്നു, ശുദ്ധീകരിക്കപ്പെടുന്നവനല്ല. ദൈവമാക്കുന്നവനാകുന്നു, ദൈവമാക്കപ്പെടുന്നവനല്ല...". ഇത്രയും കൃത്യമായ വ്യാഖ്യാനം സാധാരണ ജനത്തിന് വേറെ എവിടെ ലഭിക്കും? അതു തന്നെയാണ് ഈ പ്രർത്ഥനകളുടെ പ്രാധാന്യവും.

നോമ്പുകളിലെ അനുതാപപൂർണ്ണമായ വായനകൾ, വിശുദ്ധരുടെ ഓർമ്മകളിലെ അവരുടെ തെരഞ്ഞെടുപ്പിന്റെയും വിശുദ്ധജീവിതത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും വർണ്ണനകൾ, കഷ്ടാനുഭവ ആഴ്ചയിലെ നമ്മുടെ കർത്താവിന്റെ വിലയേറിയ കഷ്ടാനുഭവത്തിന്റെ ഹൃദയസ്പർക്കായ വ്യാഖ്യാനങ്ങൾ, പെരുന്നാൾ ക്രമങ്ങളിലെ വേദ ശാസ്ത്രവിചാരങ്ങൾ, പെന്തിക്കോസ്തിയിലെ പരിശുദ്ധ ത്രിത്വത്തിന്റെ അവതരണം, പട്ടംകൊടയിലെ തെരഞ്ഞെടുപ്പിന്റെയും യോഗ്യതയുടെയും ഉപദേശങ്ങൾ, പള്ളികൂദാശയിലെ പഴയനിയമ വ്യാഖ്യാനങ്ങളോടുകൂടിയ വിവരങ്ങൾ, കൂദാശകളിലെ ഓരോന്നിന്റെയും പ്രാധാന്യന്യമനുസരിച്ചുള്ള വിവരണങ്ങൾ മുതലായി ഏത്രയോ ആഴവും പരപ്പും ഈ ആരാധനാ ശാഖയിൽ നീണ്ടു കിടക്കുന്നു.

സമയലാഭത്തിനുവേണ്ടി പ്രുമിയോൻ-സെദറാകൾ ചൊല്ലാതെ പോകുന്ന പതിവാണ് സാധാരണായായി എല്ലാവരും പിന്തുടരുന്നത്. വലിച്ചുനീട്ടാതെ അല്പം വേഗത്തിൽ ചൊല്ലിയാൽ അധികം സമയ നഷ്ടമില്ലാതെ ഈ പ്രാർത്ഥനകളും അനുദിന ആരാധനാ ജീവിതത്തിലും ശുശ്രൂഷകളിലും നമുക്ക് ഉൾപ്പെടുത്താവുന്നതാണ്. പ്രസംഗങ്ങളിലും പഠിപ്പിക്കലുകളിലും സെദറാകളിലെ വ്യാഖ്യാനങ്ങളും വേദ ശാസ്ത്രവും ഉൾപ്പടുത്തുന്നത് ഏറെ നല്ലതായിരിക്കും. ഞായറാഴ്ചകളിലും മാറാനായാപ്പെരുന്നാളുകളിലും മറ്റു വിശേഷദിനങ്ങളിലും ക്രമീകരിച്ചിട്ടുള്ള വായനകൾ ഒരിക്കലും വിട്ടുകളയാൻ പാടില്ലാത്തതാകുന്നു. നമ്മുടെ പത്ത് മിനിട്ട് പ്രസംഗത്തെക്കാൾ ഈ വായനകൾ വിശ്വാസികൾക്ക് പ്രയോജനപ്പെട്ടേക്കാം. അതുപോലെ തന്നെ ഒഴിവു വേളകളിൽ ഇവ വായിച്ച് ധ്യാനിക്കുന്നതും പഠിക്കുന്നതും ഗുണകരമാണ്. കേവലം ഈ ഒരു കുറിപ്പിൽ ഒതുങ്ങുന്നതല്ല ഈ വിഷയം, മറിച്ച് ചിന്തിക്കാനുള്ള നിർദ്ദേശം മാത്രം. സഭയുടെ ഈ വലിയ ജ്ഞാനനിധി നമുക്ക് വായിക്കാം, ധ്യാനിക്കാം, പഠിക്കാം.

എഡിറ്റോറിയൽ

ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്

മതവും മനുഷ്യന്റെ ദൈവസംസർഗ്ഗത്തിലുള്ള വളർച്ചയുടെ വികാസസാധ്യതകളും അനുദിനം ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം നമ്മുടെ ശുശ്രൂഷാ ജീവിതം നയിക്കുന്നത്. പരിശുദ്ധ സഭയുടെ ചരിത്രം നാം പരിശോധിക്കുമ്പോൾ ഒരേ സമയം ബാഹ്യവും ആന്തരികവുമായ വെല്ലുവിളികൾ സഭ നിത്യവും അഭിമുഖീകരിക്കുന്നുണ്ട്. സെക്യൂലർ വാദങ്ങളോടോപ്പം ആഴമില്ലാത്ത ആന്തരിക ജീവിതം നയിക്കുന്ന പ്രവണതകൾ, അപ്പോസ്തോലിക പാരമ്പര്യങ്ങളുടെ പിന്തുടർച്ചയിൽ സംഭവിച്ച ഇടർച്ചകൾ, സത്യവിശ്വാസത്തിന്റ പഠിപ്പിക്കലുകളിൽ വന്ന അപചയങ്ങൾ മുതലായ കാരണങ്ങളാൽ സഭ ഇന്ന് വെല്ലുവിളികൾ നേരിടുന്നു. ചരിത്രത്തിലുടനീളം ഇത്തരം വെല്ലുവിളികളെ അതിജീവിച്ചത് ദൈവഹിതാനുസൃതമായി കാലാകാലങ്ങളിൽ സഭയെ നയിച്ച, സത്യവിശ്വാസത്തെ ശരിയായി പഠിപ്പിച്ച, ഇടയന്മാരുടെ വിശ്വാസ തീഷ്ണതയാലും വിശുദ്ധ ജീവിതത്തോടെയുള്ള നേതൃത്വത്താലുമാണ്.

മലങ്കര സഭയുടെ ചരിത്രവും സാക്ഷ്യവും നാം പരിശോധിക്കുമ്പോൾ മാർത്തോമ്മാ ശ്ലീഹായുടെ മാർഗ്ഗമാകുന്ന മൗലികമായ പാരമ്പര്യവും സ്വത്വവും നമ്മൾക്കുണ്ട്. തദ്ദേശീയമായ സംസ്കാരങ്ങളോടും പ്രാദേശികമായ ജീവിതങ്ങളോടും നിരന്തരം സംവദിച്ചാണ് കാലഘട്ടത്തിന്റെ വെല്ലുവിളികളെ സഭ ചരിത്രത്തിലുടനീളം നേരിട്ടത്. അതിനാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലും കാലഘട്ടത്തിന്റെ മാറ്റങ്ങളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്യുക എന്നത് പരിശുദ്ധ സഭയുടെ ചരിത്രപരമായ ദൗത്യമാണ്.

ആധുനിക കാലഘട്ടത്തിൽ സഭയുടെ സുപ്രധാനമായ ഉത്തരവാദിത്തങ്ങളിലൊന്ന് ചരിത്രത്തിന്റെ പടവുകളിൽ നാം സംരക്ഷിച്ചു പോന്ന സത്യവിശ്വാസത്തിന്റെയും പാരമ്പര്യങ്ങളുടെയും ആധികാരികതയുടെ പിന്തുടർച്ചയാണ്. ആധുനികത മനുഷ്യയുക്തിക്ക് (Human rationality) പരമമായ പ്രാധാന്യം നൽകുകയും, മനുഷ്യ ജീവിതവുമായി ബന്ധപ്പെടുന്ന സകലത്തേയും ശാസ്ത്രത്തിന്റെയും തത്വചിന്തകളുടെയും അളവുകോലുകളാൽ അളന്ന്, കേവലം വസ്തുനിഷ്ഠമായതിനെ മാത്രം ആധികാരികതയുള്ളതും ശാശ്വതസത്യങ്ങളുമായി കണക്കാക്കുന്നു.

ആത്മനിഷ്ഠമായ അറിവുകളേയും ബോധ്യങ്ങളെയും തൃണവത്കരിക്കുന്ന പ്രവണതയും പ്രബലമാണ്. അങ്ങനെ ഇന്ദ്രിയങ്ങളുടെ സംഗ്രഹണശേഷിക്ക് അതീതനായ ദൈവത്തെ മനുഷ്യൻ തന്റെ നിത്യജീവിതത്തിൽനിന്നും അകലെ നിർത്തുന്നു. ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി നിരീക്ഷിക്കുന്നതു പോലെ മനുഷ്യന്റെ യുക്തിയിലുള്ള അമിതാശ്രയത്വത്തിൽ 'ദൈവം, ഗ്രഹണസമയത്ത് മറഞ്ഞുപോകുന്ന സൂര്യൻ' എന്നപോലെയുള്ള അവസ്ഥയെ ഒരു അനുഭവയാഥാർത്ഥ്യമാകുന്ന ചരിത്രഘട്ടത്തിലാണ് ആധുനിക മനുഷ്യൻ ജീവിക്കുന്നത്. മനുഷ്യേന്ദ്രിയങ്ങളുടെ പരിമിതമായ ഗ്രഹണശേഷിക്കപ്പുറമുള്ളതും ആത്മവിദ്യാപരവുമായ എന്തും, അത് അറിവായാലും മതമായാലും ദൈവമായാലും, അപ്രസക്തമാണെന്ന ഏകപക്ഷീയമായ ധാരണ പ്രബലമായിത്തീർന്നിരിക്കുന്നു.

അവനവന്റെ ആത്മബോധ്യങ്ങളുടെയും വ്യക്തിബോധ്യങ്ങളുടെയും ആധികാരികത നിർവ്വചിക്കുവാനുള്ള അവകാശം സഭയുൾപ്പെടെയുള്ള മറ്റൊരു സംവിധാനത്തിനും നൽകുവാൻ ആധുനിക മനുഷ്യൻ തയ്യാറല്ല. സഭ അതിന്റെ ജീവിതാനുഭവങ്ങളിലൂടെയും പരിശുദ്ധാത്മപ്രവർത്തനത്താലും ഊതികാച്ചിയെടുത്ത വിശ്വാസ സത്യങ്ങളുടെയും ഓർത്തഡോക്സ് മാർഗ്ഗത്തിന്റെയും സാംഗത്യം അവിടെ നിരന്തരം അവഗണിക്കപ്പെടുന്നു.

'ഓർത്തഡോക്സ് മാർഗ്ഗം' എന്നത് കാലഹരണപ്പെട്ട വിശ്വാസ സംഹിതകളുടെയും തമസ്ക്കരിക്കപ്പെട്ട തത്വമീംമാസകളുടെയും പിന്തുടർച്ചയല്ല, മറിച്ച് സത്യവിശ്വാസത്തിന്റെയും ആധികാരിക ദൈവവിജ്ഞാനീയത്തിന്റെയും ചൈതന്യം ആദ്ധ്യാത്മിക ജീവിതത്തിൽ പ്രതിഫലിക്കുകയും പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നതാണെന്ന ബോധ്യത്തിലേക്ക് തലമുറകളെ നയിക്കുവാൻ ഓരോരുത്തർക്കും സാധിക്കണം. വിശുദ്ധ വേദപുസ്തകത്തിന്റെ പഠനവും മനനവും പ്രബോധനവും സഭ അനസ്യൂതം പിന്തുടരേണ്ടതുണ്ട്. വേദപുസ്തകത്തിന്റെ നിരന്തരമായ വായനയും, അതിലൂടെ പൊരുൾ വെളിപ്പെട്ട വിശ്വാസ സത്യങ്ങളും കാലഹരണപ്പെട്ട ധാർമിക മൂല്യങ്ങളുടെ സഞ്ചയമായി വിശുദ്ധ ഗ്രന്ഥത്തെ കാണാൻ പരിശീലിച്ച ആധുനിക വിശ്വസിയെ സത്യവിശ്വാസ മാർഗ്ഗത്തിലേക്ക് നയിക്കുവാൻ അനിവാര്യമാണ്.

"A prayerful entry into the Church, fidelity to Revelation, a return to the Fathers, a free encounter with the West, and other similar themes and elements make up the creative postulate of Orthodox way in the contemporary circumstances... It is a mysterious way of spiritual labour, a way of secret and silent labour in the acquisition of the Holy Spirit."

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ആഴവും ലാവണ്യവും ഉൾക്കൊള്ളുന്ന പാശ്ചാത്യ ഓർത്തഡോക്സ് മാർഗം എന്നത് വ്യത്യസ്ത കാല ഘട്ടങ്ങളുടെ വെല്ലുവിളികളെ നേരിടുവാനും അതിജീവിക്കുവാനും മനുഷ്യവംശത്തെ പര്യാപ്തമാകുന്നതാണെന്ന് ലോകത്തോട് സംവേദിക്കുകയും ചെയ്ത ഇരുപതാം നൂറ്റാണ്ടിലെ റഷ്യൻ വേദവിജ്ഞാനീയ പണ്ഡിതരിൽ പ്രമുഖനായിരുന്ന ജോർജ്ജസ് ഫ്ളോറോവ്സ്കിയുടെ ഈ വരികൾ ഇവിടെ പ്രസക്തമാണ്. ഓർത്തഡോക്സ് മാർഗ്ഗത്തെ തെളിമയോടെ നിലനിർത്തുക എന്ന ചരിത്രദൗത്യത്തെ നാം ഏറ്റെടുക്കേണ്ടതുണ്ട്. ആധുനികതയിലൂടെ ബലംപ്രാപിച്ച കേവല മനുഷ്യയുക്തിയുടെ പ്രാമാണികതയെ മാത്രം ആശ്രയിക്കാതെ ദൈവ-മനുഷ്യ ബന്ധത്തിലെ ശക്തിയും സൗന്ദര്യത്തെയും നിത്യജീവിതത്തോടു ചേർത്തുപിടിച്ച് ഓർത്തഡോക്സ് മാർഗ്ഗത്തിൽ വിശ്വാസികളെ നയിക്കുവാനും പഠിപ്പിക്കുവാനും, വിശുദ്ധഗ്രന്ഥത്തെ കാലാനുസൃതമായി വ്യാഖ്യാനിക്കുകയും സത്യവിശ്വാസത്തെ പ്രബോധിപ്പിക്കുകയും ചെയ്യുന്ന നല്ല ഇടയന്മാരായി കൂടുതൽ തെളിമയോടെ തുടരുന്നതിനായി 'ഓർത്തഡോക്സ് മാർഗ്ഗം സമകാലിക ലോകത്ത്' എന്ന വിഷയത്തിന്റെ അന്വേഷണങ്ങൾക്കും തുടർപഠനങ്ങൾക്കും നാന്ദി കുറിക്കുകയാണ് ഈ ലക്കം.

"Church existed before we were born and has always existed as a body of doctrine, order, liturgy, etc. It does not belong to anyone of us to change the Church or to make it follow our own taste, for the simple reason that we belong to the Church, but the Church does not belong to us. We have been mercifully accepted by God into His household, made worthy of His Body and Blood, of His Revelation, of Communion with Him. And the clergy represent this continuity, this identity of the Church in doctrine, life and grace throughout space and time. They teach the same eternal teaching, they bring to us the same eternal Christ, they announce the same and eternal Saving Act of God."

Protopresbyter Dr. Alexander Schmemann

"Clergy and Laity in the Orthodox Church", *Orthodox Life*, 1, Crestwood, NY: SVS Press, 1959.

സമകാലിക ഭാരതത്തിലെ പ്രേഷിത ദൗത്യം : സാധ്യതകളും വെല്ലുവിളികളും

ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

റോമൻ കത്തോലിക്കാ സഭയുടെ 2024ലെ World Mission Sunday യിലെ ചിന്താവിഷയം 'Go and invite everyone to the banquet' (വിശുദ്ധ മത്തായി 22:9) എന്നതായിരുന്നു. യേശുക്രിസ്തു പ്രബോധിപ്പിച്ച കല്യാണ വിരുന്നിന്റെ ഉപമയിൽ നിന്നുള്ള വാക്യമാണിത്. 'ആകയാൽ വഴിത്തലെക്കൽ ചെന്നു കാണുന്നവരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ'. യേശുക്രിസ്തുവിന്റെ വിരുന്നിലേക്ക് എല്ലാവരെയും ക്ഷണിക്കുവാനുള്ള വിളിയാണ് നാം ഓരോരുത്തർക്കുമുള്ളത് എന്ന് ഓർമ്മപ്പെടുത്തലാണ് ഈ വാക്യം നൽകുന്നത്. വിശുദ്ധ മത്തായി 28:16-20 ൽ രേഖപ്പെടുത്തിയിരിക്കുന്ന The Great Commission, വിശുദ്ധ മർക്കോസ് 16:14-18, വിശുദ്ധ ലൂക്കോസ് 24:36-49, വിശുദ്ധ യോഹന്നാൻ 20:19-23 എന്നീ വേദഭാഗങ്ങൾ ഓർമ്മപ്പെടുത്തുന്നതും ഇതാണ്. വിശുദ്ധ മത്തായി 28:19-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല

ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.' മൂന്ന് പ്രേഷിത ദൗത്യങ്ങളാണ് ഈ വാക്യത്തിൽ ഉൾക്കൊള്ളുന്നത്.

1 പുറപ്പെടുക (Going)
2 സ്നാനം കഴിപ്പിക്കുക (Baptising)
3 ഉപദേശിക്കുക (Teaching)

ഇവ മൂന്നും പരിശുദ്ധ സഭയുടെ കടമയും ഉത്തരവാദിത്തവുമാണ്.

'അയക്കപ്പെടുക' (to send) എന്നർത്ഥം വരുന്ന 'missio' എന്ന പദത്തിൽ നിന്നാണ് മിഷൻ എന്ന വാക്ക് ഉത്ഭവിക്കുന്നത്. 'ഷാലാക്ക്' (Shalach) എന്ന എബ്രായ പദവും 'അപ്പോസ്റ്റെലോ' (Apostello) എന്ന ഗ്രീക്ക് പദവുമാണ് വിശുദ്ധ ഗ്രന്ഥത്തിൽ മിഷന് തത്തുല്യമായി ഉപയോഗിച്ചിരിക്കുന്നത്. ഉത്ഥിതനായ യേശുക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുമ്പോൾ ഉദ്ബോധിപ്പിച്ചതും 'പിതാവു എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയക്കുന്നു' എന്നാണ് (യോഹന്നാൻ 20:21).

'അപ്പോസ്റ്റെലോ' എന്ന ക്രിയയിൽ നിന്നാണ് 'അപ്പോസ്തോലൻ' (Apostle) എന്ന നാമം രൂപപ്പെടുന്നത്. പിതാവാം ദൈവം പുത്രനെ അയച്ചതു പോലെ പുത്രൻ അപ്പോസ്തോലന്മാരെ അയയ്ക്കുന്നു. എങ്കിൽ അപ്പോസ്തോലിക പാരമ്പര്യം പിന്തുടരുന്ന സഭ എന്ന നിലയിൽ അപ്പോസ്തോലിക ദൗത്യം നിർവഹിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ആംഗ്ലിക്കൻ മിഷനറി ആയിരുന്ന ജോൺ സ്റ്റോട്ട്, Christian Mission in the Modern World എന്ന പുസ്തകത്തിൽ മിഷനെ നിർവചിച്ചി രിക്കുന്നത് ഇപ്രകാരമാണ്: "Everything the church includes the double vocation of service - to be the salt of the earth and the light of the world". ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകുവാനുള്ള വിളിയാണ് പ്രേക്ഷിത ദൗത്യം.

ഇന്ത്യയിൽ മിഷൻ ഇന്ന് വലിയ വെല്ലുവിളിയാണ് നേരിടുന്നത്. അത് രാജ്യത്തിന്റെ സങ്കീർണമായ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മതപരമായ സാഹചര്യത്തെ പ്രതിഫലിപ്പിക്കുന്നു. ക്രൈസ്തവ സഭകൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് മതദേശീയ വാദം (Religious nationalism). 'നാനാത്വത്തിൽ ഏകത്വം' ദർശിച്ച നാടാണ് ഇന്ത്യ. ബുദ്ധമതം, ജൈനമതം, ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാം, സിക്കുമതം മുതലായ വൈവിധ്യമാർന്ന മതപാരമ്പര്യങ്ങളുടെ ഇടമാണ് ഈ ദേശം. ഇതര മതവിശ്വാസങ്ങൾ നിലനിൽക്കുമ്പോഴും അവയെ ബഹുമാനിച്ച് സ്വന്തം മതവും വിശ്വാസവും പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനയിലൂടെ ലഭ്യമായിട്ടുണ്ട്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മതപരിവർത്തന വിരുദ്ധ നിയമങ്ങൾ (Anti-conversion laws) മിഷൻ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നിയമപരവും സാമൂഹ്യവുമായ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രം ഉപയോഗിക്കപ്പെടുന്ന

പിതാവാം ദൈവം പുത്രനെ അയച്ചതു പോലെ പുത്രൻ
അപ്പോസ്തോലന്മാരെ അയയ്ക്കുന്നു. എങ്കിൽ
അപ്പോസ്തോലിക പാരമ്പര്യം പിന്തുടരുന്ന സഭ എന്ന നിലയിൽ
അപ്പോസ്തോലിക ദൗത്യം നിർവഹിക്കുവാൻ നാം
പ്രതിജ്ഞാബദ്ധരാണ്.

ക്രൈസ്തവ സഭയുടെ FCR അക്കൗണ്ടുകൾ പോലും നിരോധിക്കപ്പെടുന്നു. അക്രമണം, സാമൂഹിക ബഹിഷ്കരണം, വിവേചനം എന്നിവ ഉൾപ്പെടെ അനവധി പ്രശ്നങ്ങൾ ക്രൈസ്തവ സമൂഹം നേരിടുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും അന്തരീക്ഷം ക്രിസ്ത്യാനികൾക്കിടയിൽ സൃഷ്ടിക്കുന്നു. Frontier മാസികയുടെ കണക്കുകൾ പ്രകാരം ആയിരത്തോളം ക്രിസ്ത്യൻ മിഷനറിമാർ 2023-ൽ ആക്രമിക്കപ്പെട്ടു. 300 ഓളം ദേവാലയങ്ങൾ അഗ്നിക്കരയായി. 54000 പേർ കുടിയിറക്കപ്പെട്ടു. ഈ കണക്കുകൾ മനുഷ്യ മനഃസാക്ഷിയെ പിടിച്ചുലയ്ക്കുന്നതാണ്. മണിപ്പൂരിലെ കലാപം ഈ പട്ടികയിലെ അവസാനത്തേത് മാത്രമാണ്.

വിദേശരാജ്യങ്ങളിലേക്കുള്ള ക്രിസ്തീയ യുവാക്കളുടെ കുടിയേറ്റം ഇന്ത്യയിലെ മിഷൻ പ്രവർത്തനത്തിന് മറ്റൊരു വെല്ലുവിളിയാണ്. പഠനം, ജോലി മുതലായവയ്ക്കായി ഇന്ത്യ വിടുവാൻ ആളുകളെ നിർബന്ധിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതുമായ ഘടകങ്ങൾ ഏറെയുണ്ട്. ഈ കുടിയേറ്റം സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകരുടെയും യുവജനങ്ങളുടെയും എണ്ണത്തിൽ കാര്യമായ കുറവ് സൃഷ്ടിക്കുന്നു. ഇത് പ്രാദേശിക തലത്തിൽ ഫലപ്രദമായി ഇടപെടുന്നതിൽ വിടവ് സൃഷ്ടിക്കുന്നുണ്ട്. ഒപ്പം യുവജനങ്ങളുടെ ആത്മീയ വളർച്ചയിലും ഇത് വിള്ളൽ ഉണ്ടാക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതിനാൽ ഈ കാലഘട്ടത്തിൽ മിഷൻ മേഖലയിൽ ഒരു പുനർവിചിന്തനം അനിവാര്യമായിരിക്കുന്നു. ത്യാഗനിർഭരമായി ശുശ്രൂഷ നിർവ്വഹിക്കുന്നതിനു താല്പര്യമുള്ള പ്രവർത്തകരുടെ അഭാവം പ്രവർത്തനരംഗത്ത് ഒരു വലിയ പ്രതിസന്ധിയാണ്. ഇടവക ശുശ്രൂഷയിലൂടെയുള്ള വൈദികവൃത്തി ആഗ്രഹിച്ച ചെറുപ്പക്കാർ അനേകർ വരുന്നുണ്ടെങ്കിലും സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള താല്പര്യം കാണുന്നില്ല. മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിങ് സെന്ററിന്റെ പ്രവർത്തനം നിലച്ചതു പോലെയാണ്. വേനൽക്കാല വേദപഠന ക്ലാസുകളും വേദപഠന ക്ലാസുകളും മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ. മിഷൻ പ്രവർത്തനം സഭയുടെ മുഖ്യ അജണ്ടയിൽ ആയിട്ടില്ല എന്നതും തുറന്നു സമ്മതിക്കേണ്ടി വരും.

സഭയിൽ സ്ഥിരം ശെമ്മാശന്മാരെക്കുറിച്ചു ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ മിഷൻ പ്രവർത്തനരംഗത്തും അനുയോജ്യരായവരെ പരിഗണിക്കുന്നതുകൂടി ഉൾപ്പെടുത്തിയാൽ പ്രവർത്തകരുടെ ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനാകും എന്ന് കരുതുന്നു. ഒപ്പം കാലോചിതമായ വേതനം അവർക്ക് നൽകുവാനും തയ്യാറാകണം. ഇതര ക്രൈസ്തവ സഭകളിൽ സ്വമനസാലെ സേവനത്തിനു വരുന്ന അനേകരുണ്ട്. 55 – 58 വയസ്സിനുശേഷം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്നവർ കുറച്ചുകാലം ഏതെങ്കിലും ഒരു സുവിശേഷ വയലിൽ സേവനം നടത്തുന്നവരാകുവാനുള്ള സമർപ്പണം ഉണ്ടാകണം. മിഷൻ ബോർഡിന്റെ കീഴിലുള്ള രണ്ട് സ്ഥാപനങ്ങളിൽ അപ്രകാരം അനുഗ്രഹീത ശുശ്രൂഷ നടത്തിയ നാലു പേരെ നന്ദിയോടെ ഓർക്കുന്നു.

മിഷൻ ഉയർത്തുന്ന സാധ്യതകൾ ഏറെയാണ്. ഭാരതത്തിന്റെ പുരോഗമനത്തിൽ ക്രിസ്തീയ മിഷനറിമാർ വഹിച്ച പങ്ക് വലുതാണ്. സ്കൂളുകൾ, കോളേജുകൾ, ആതുരാലയങ്ങൾ തുടങ്ങി നിരവധി സേവനങ്ങൾക്ക് മിഷനറിമാർ ആരംഭം കുറിച്ചു. കൂടാതെ സാമൂഹ്യ സേവനത്തിനായി നിരവധി Non-Governmental Organizations (NGOs) സ്ഥാപിച്ചു. ഇവയെല്ലാം സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയായിരുന്നു തുടങ്ങിയത്. ഈ സാധ്യതകളുടെ തുടർച്ച ലക്ഷ്യമാക്കി സഭ ഇന്നും പ്രവർത്തിക്കുന്നു.

കുടിയേറ്റം സൃഷ്ടിക്കുന്ന വെല്ലുവിളികളുടെ നടുവിൽ മിഷൻ പ്രവർത്തനത്തിന്റെ പുതിയ സാധ്യത നാം തേടേണ്ടതുണ്ട്. ചെറുപ്പക്കാർ നാടു വിടുന്നതോടെ വൃദ്ധരുടെ സ്ഥലമായി നമ്മുടെ സാമൂഹിക പരിസരം മാറുന്നു. ഏകാന്തതയുടെ പിടിയിൽ മാതാ പിതാക്കൾ അമരുമ്പോൾ വീടുകളും വസ്തുക്കളും അടഞ്ഞു കിടക്കുന്നു. ഈ പശ്ചാത്തല ത്തിൽ കാലത്തിന് അനുയോജ്യ മായി മിഷനെ നാം പുനർനിർവ്വചിക്കണം. മിഷനെക്കുറിച്ച് ചിന്തിക്കുമ്പോൾ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ ചിന്തകൾ സ്മരണീയമാണ്. പൗരസ്ത്യ ക്രിസ്തീയ മിഷൻ ദർശനത്തിന്റെ ഉത്തമ മാതൃകയായിരുന്നു അഭിവന്ദ്യ തിരുമേനി. മതപരിവർത്തനമല്ല, മനപരിവർത്തനമാണ് അനിവാര്യം എന്ന് തിരുമേനി വിശ്വസിച്ചു. സ്നേഹത്തിന്റെ പൂർണ്ണ



വിശ്വാസത്തിൽ സ്നേഹത്തിന്റെ ഏക മതത്തെ വിഭാവനം ചെയ്തു. 'ത്രിയേക ദൈവം ഹിന്ദുവിനും മുസൽമാനും' എന്ന വാക്കുകൾ പ്രവാചക ശബ്ദം പോലെ ഇന്നും മുഴങ്ങി കേൾക്കുന്നു. സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു തിരുമേനിയുടെ പ്രവർത്തനങ്ങൾ. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിട ത്തോളം എല്ലാം എനിക്കു ചെയ്തു" (മത്തായി 25:40) എന്ന യേശുക്രിസ്തുവിന്റെ കൽപ്പന തിരുമേനി അക്ഷരംപ്രതി അനുസരിച്ചു. ഭാരതത്തിലെ മിഷൻ പ്രവർത്തനങ്ങൾക്ക് ഇന്നും മായാത്ത മാതൃക യാണ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി.

ഇടയശുശ്രൂഷയിലെ മാധ്യമ സാധ്യതകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
പ്രിൻസിപ്പാൾ, ഓർത്തോഡോക്സ് സെമിനാരി, കോട്ടയം

പുത്തൻ സാങ്കേതികതയും നിർമ്മിത ബുദ്ധിയും സൃഷ്ടിച്ചത് മാധ്യമ സങ്കേതങ്ങളുടെ ശക്തീകരണമാണ്. ലോകത്തിന്റെ അടച്ചിരിപ്പിൽ (Covid 19) വിവര-വിനോദത്തിനും വിദ്യാഭ്യാസത്തിനും ഡിജിറ്റൽ സംവേദന സമ്പ്രദായങ്ങൾ ഫലപ്രദമായി പൊതുസമൂഹം പ്രയോജന പ്പെടുത്തി. മാധ്യമങ്ങളോടു നിഷേധസമീപനം പുലർത്തിയ സഭകൾ ആരാധനയ്ക്കും വേദധ്യാനത്തിനുമായി ഓൺലൈൻ സംവിധാനങ്ങൾ സൃഷ്ടിച്ച് ആദ്ധ്യാത്മിക ജീവിതത്തെ പുനക്രമീകരിച്ച് സൈബർ ചർച്ച് യാഥാർത്ഥ്യമാക്കി.

സംവേദനത്തിന് പുത്തൻ മാർഗ്ഗരേഖകൾ പകർന്നപ്പോൾ ഡിജിറ്റൽ എക്ളീസിയ (Digital ekklesia), ഓൺലൈൻ ചർച്ച്, ഡിജിറ്റൽ ചർച്ച്, സൂം ചർച്ച് എന്നിങ്ങനെ വിവിധ മേഖലകളിലെ സഭാസാന്നിധ്യ ത്തെക്കുറിച്ച് അന്വേഷണം വ്യാപകമാക്കി. വരേണ്യ സമൂഹത്തിനു മാത്രം പ്രാപ്യമായ ഡിജിറ്റൽ റിയാലിറ്റി 2020 മുതൽ സാധാരാണ ക്കാരുടെയും റിയാലിറ്റിയായി. ഇന്ത്യയിൽ 2015 മുതൽ ഡിജിറ്റൽ ഇന്ത്യ പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കമിട്ടെങ്കിലും എല്ലാ വർക്കും ഇന്റർനെറ്റും അത് ഉപയോഗിക്കുവാൻ ഉപകരണങ്ങളും ലഭ്യമാ യിരുന്നില്ല. അതിനാൽ ഡിജിറ്റൽ വിഭജനം (digital divide) ശക്ത മായിരുന്നു. കോവിഡ് കാലത്ത് ഡിജിറ്റൽ സാങ്കേതികതയുടെ പുരോഗ തിയും പ്രാപ്യതയും ഏവർക്കും പ്രയോജനപ്പെട്ടു. ഭരണം, മാധ്യമം,

ജുഡിഷ്യറി, സമ്പദ് വ്യവസ്ഥ, വ്യാപാരം, ജോലി, വിദ്യാഭ്യാസം, ആരാധന, സാംസ്കാരിക കലാപദ്ധതി, ആരോഗ്യ മേഖല, കോവിഡ് പ്രതിരോധം എന്നിവയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഫലപ്രദമാക്കി. ഡിജിറ്റൽ റിയാലിറ്റി ഒരു പുത്തൻ റിയാലിറ്റിയായി (New Reality) പൊതു സമൂഹത്തിന് അനുഭവപ്പെട്ടു.

മാധ്യമ സാധ്യത എങ്ങനെ സഭകൾ പ്രയോജനപ്പെടുത്തണമെന്നുള്ള ചർച്ചകൾ WCC യുടെ ഒന്നാം അസംബ്ലി നടന്ന 1948 മുതൽ ആരംഭിച്ചതാണ്. കോവിഡ് കാലത്ത് 'സഭകൾക്ക് എങ്ങനെ മാധ്യമങ്ങൾ പ്രയോജനപ്പെടുത്താം' എന്നതിനെക്കുറിച്ചും (The Distanced Church, April, 2020), ഒന്നാം ലോക്ഡൗൺ കഴിഞ്ഞ ശേഷം 'കോവിഡ് കാലത്ത് സഭകൾ മാധ്യമങ്ങളെ എങ്ങനെ സമീപിച്ചു' (Revisiting the Distanced Church, June 2021) എന്നും WCC പഠനങ്ങൾ പ്രസിദ്ധീകരിച്ചു. സാങ്കേതികവിദ്യ വഴി സഭാസമൂഹത്തെ പുനഃസൃഷ്ടിക്കുവാൻ വേണ്ടത്ര കഴിഞ്ഞിട്ടുണ്ടോ എന്ന അന്വേഷണമാണ് 'വിദൂരസഭയെ വീണ്ടും സന്ദർശിക്കുന്നു' എന്ന പഠനം.

കോവിഡ് കാലത്ത് സഭകൾ നടത്തിയ ഓൺലൈൻ ചാനലുകൾ പഠിച്ച ശേഷം മാധ്യമ രംഗത്ത് സഭകൾ ശ്രദ്ധിക്കേണ്ട എഴു കാര്യങ്ങൾ WCC വ്യക്തമാകുന്നത് എക്കാലത്തും ശ്രദ്ധേയമാണ്:

1. ഫലപ്രദമായ സാങ്കേതിക സംവിധാനം

ഓൺലൈൻ സംവിധാനങ്ങൾ ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിക്കുന്നതിൽ സഭകൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലാ എന്ന് WCC പഠനം വ്യക്തമാക്കുന്നു. ലഭ്യമാകുന്ന എല്ലാ സാങ്കേതിക സംവിധാനങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തി സഭാശുശ്രൂഷകൾ സംവേദിപ്പിക്കണം. ലളിതവും സുന്ദരവും ഹൃദ്യവുമായി വിവര-വിജ്ഞാനങ്ങൾ അവതരിപ്പിക്കാൻ കഴിയണം. ഏവർക്കും മനസ്സിലാക്കുവാൻ കഴിയുന്ന ഭാഷയും ശൈലിയും സംപ്രേഷണ സംവേദനത്തിലുണ്ടാകണം.

"കോവിഡ് കാലത്ത് ഡിജിറ്റൽ സാങ്കേതികതയുടെ പുരോഗതിയും പ്രാപ്യതയും ഏവർക്കും പ്രയോജനപ്പെട്ടു. ഭരണം, മാധ്യമം, ജുഡിഷ്യറി, സമ്പദ് വ്യവസ്ഥ, വ്യാപാരം, ജോലി, വിദ്യാഭ്യാസം, ആരാധന, സാംസ്കാരിക കലാപദ്ധതി, ആരോഗ്യ മേഖല, കോവിഡ് പ്രതിരോധം എന്നിവയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഫലപ്രദമാക്കി. ഡിജിറ്റൽ റിയാലിറ്റി ഒരു പുത്തൻ റിയാലിറ്റിയായി (New Reality) പൊതു സമൂഹത്തിന് അനുഭവപ്പെട്ടു"

2. മാധ്യമ പരിശീലനം നേടിയവരുടെ സാന്നിധ്യവും നേതൃത്വവും

മാധ്യമ സംവിധാനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുവാനും അവതരിപ്പിക്കുവാനും ഉന്നത പരിശീലനം സിദ്ധിച്ചവരുടെ സാന്നിധ്യം അനിവാര്യമാണ്. ഇൻഫർമേഷൻ ടെക്നോളജി, ജേർണലിസം, കമ്മ്യൂണിക്കേഷൻ, ഡിജിറ്റൽ ടെക്നോളജി, വിവിധ ഭാഷാ വിജ്ഞാനീയർ എന്നിവരുടെ കാര്യദർശിത്വം മാധ്യമ സംവിധാനങ്ങൾക്കുണ്ടാകണം. ഭാഷയും അവതരണവും കൃത്യവും സുതാര്യവുമാകണം.

3. മാധ്യമ ക്രോഡീകരണത്തിനുള്ള സന്നദ്ധ പ്രവർത്തകർ

സാമൂഹിക മാധ്യമങ്ങളും അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളും ഭംഗിയായി അവതരിപ്പിക്കുന്നതിന് ടെക്നോളജിയിലും മാധ്യമ നടത്തിപ്പിലും പ്രാവീണ്യം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയണം. ഓൺലൈൻ സംവിധാനങ്ങളിൽ ഒന്നിലധികം പേർക്ക് ഒരുമിച്ച് ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും പങ്കുചേരുവാൻ കഴിയും. അപ്പോൾ ലഭ്യമാകുന്ന അവസരങ്ങളും സാങ്കേതികതയും പ്രയോജനപ്പെടുത്തണം.

4. മാധ്യമ വിദഗ്ധരുടെ പങ്കാളിത്തവും നേതൃത്വവും

വിവിധ മാധ്യമങ്ങളിൽ ദീർഘകാലം പ്രവർത്തിച്ച് അനുഭവ പരിചയം നേടിയ പ്രൊഫഷണൽ മാധ്യമ പ്രവർത്തകരുടെ സേവനവും പങ്കാളിത്തവും ഉൾക്കൊള്ളിക്കുവാൻ കഴിയണം. മാധ്യമ രംഗത്തു നിന്നും വിരമിച്ചവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ തലങ്ങളിൽ അവരെ ഉൾപ്പെടുത്തി മാധ്യമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. വിവിധ തലങ്ങളിലെ സേവനത്തിൽ നിന്നും വിരമിച്ച സർഗ്ഗശേഷിയുള്ളവരേയും ഉൾക്കൊള്ളിക്കാം.

5. വിവിധതല വാർത്താ പ്രക്ഷേപണങ്ങൾ ഉണ്ടാകണം

കേന്ദ്രീകൃതവും പ്രാദേശികവുമായ വാർത്താപ്രക്ഷേപണങ്ങൾക്ക് രൂപം നൽകണം. സഭാവാർത്തകളുടെ വിനിമയത്തിൽ കുത്തക മാധ്യമങ്ങളെ ആശ്രയിക്കാതെ സ്വതന്ത്രവും വ്യക്തവുമായ ദിശാബോധത്തോടെ വാർത്തകൾ ഡിജിറ്റൽ സംവിധാനത്തിൽ സംപ്രേക്ഷണം ചെയ്യുവാൻ കഴിയണം. പൊതുമാധ്യമങ്ങളെ പോലെ സംവേദനശേഷി സഭാമാധ്യമ സംവിധാനങ്ങൾക്ക് ഉണ്ടാകണം. അതിനുള്ള പണവും പ്രവർത്തകരും വേണ്ടത്ര ഉണ്ടാകണം.

6. സൈബർ ചർച്ചിന്റെ സാധ്യതകൾ അംഗീകരിച്ച് പുതിയ കാഴ്ചപ്പാടുകൾ വിപുലപ്പെടുത്തണം

സൈബർ ചർച്ച് അഥവാ ഓൺലൈൻ ചർച്ചിന്റെ സാധ്യതകളും വെല്ലുവിളികളും സഭകൾ തിരിച്ചറിഞ്ഞ് പുത്തൻ പദ്ധതികൾ

ആവിഷ്ക്കരിക്കണം. സൈബർ ചർച്ചിന്റെ പ്രവർത്തനങ്ങൾ വിപുല പ്പെടുത്തുവാൻ കഴിയണം. ഇടയപരിപാലനം ഡിജിറ്റൽ സ്പെയിസിൽ ആവിഷ്ക്കരിക്കുന്നതിനുള്ള ഫലപ്രദമായ സാധ്യതകൾ സഭകൾ കണ്ടെത്തണം.

7. പൊതുസമൂഹത്തിന് പ്രസക്തമായ വേദശസ്ത്ര വ്യാഖ്യാനങ്ങൾ അവതരിപ്പിക്കണം.

സഭകൾ അവതരിപ്പിക്കുന്ന വേദശാസ്ത്രദർശനങ്ങളും വ്യാഖ്യാന ങ്ങളും പൊതു സമൂഹത്തിന് വേണ്ടത്ര ഉൾക്കൊള്ളുവാൻ കഴിയു ന്നുണ്ടോ? ഏത് തരത്തിലുള്ള വ്യാഖ്യാന വിശകലനങ്ങൾക്കാണ് സഭകൾ പ്രാധാന്യം നൽകുന്നത്? സഭയ്ക്കുള്ളിൽ വേദവിശകല നങ്ങൾ കേൾക്കുന്ന സദസ്സിനു അവ പരിചിതമാണ്. എന്നാൽ ഓൺലൈൻ പ്രഭാഷണങ്ങളും ആരാധനയും പൊതുസമൂഹത്തിന് പ്രാപ്യമായ രീതിയിലാണോ അവതരിപ്പിക്കുന്നത്? അതിനാൽ ഡിജിറ്റൽ സംവേദനത്തിലെ ഭാഷയും അവതരണവും പൊതുജന ത്തിനു പ്രാപ്യമാകുംവിധം പുനസൃഷ്ടിക്കുവാൻ കഴിയണം. സഭകൾ സൈബർ ചർച്ചിന്റെ ഭാഗമാകുമ്പോൾ അതിന്റെ പ്രശ്നങ്ങളും പ്രതിവിധികളും തിരിച്ചറിയണം.

മാധ്യമ ലഹരിക്ക് അടിമപ്പെടുന്ന തലമുറ എല്ലായിടവും ശക്തിപ്പെടു കയാണ്. ഇത്തരം സാഹചര്യത്തിൽ മാധ്യമ ലഹരി വിമുക്ത കൗൺസലിങ്ങ് സെൻറുകൾ (Media de-addiction Centers) സഭയുടെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കണം. മാധ്യമങ്ങളുടെ നന്മയും തിന്മയും തിരിച്ചറിയുവാൻ പ്രേരിപ്പിക്കുന്ന മാധ്യമ സാക്ഷരതാ പദ്ധതികൾ (Media Literacy Campaigns) സഭയിലെ യുവജന-വിദ്യാർത്ഥി- സമൂഹ ത്തിൽ നടപ്പാക്കണം. ഹൃസ്വകാല-ദീർഘകാല മാധ്യമ അവബോധന ശില്പശാലകൾ (Media Awareness) കേന്ദ്ര-ഭദ്രാസന തലത്തിൽ ആവിഷ്ക്കരിക്കണം. പുത്തൻ സാങ്കേതിക വിദ്യയും സാമൂഹിക മാധ്യമങ്ങളും ഫലപദമായി ഉപയോഗിക്കുന്നതിനു വൈദികരെ ശാസ്ത്രീയമായി പരിശീലിപ്പിക്കണം. മാധ്യമ വിശകലന ങ്ങൾ ഉൾക്കൊള്ളുന്ന പഠനരേഖകൾ (print and visual) ലഭ്യമാക്കണം. മാധ്യമങ്ങളുടെ സാധ്യതകൾ കണ്ടെത്താനും നിഷേധ സമീപനങ്ങൾ തിരിച്ചറിയുന്നതിനുമുള്ള മാധ്യമ അവബോധ മാർഗ്ഗരേഖകൾ സഭയിലും സമൂഹത്തിലും കുടുംബത്തിലും ഉണ്ടാകണം.

പുത്തൻ സാങ്കേതികവിദ്യ സൃഷ്ടിക്കുന്ന മാധ്യമ സംസ്കാരത്തോട് ചെറുത്തു നിൽക്കുവാൻ സഭകൾക്കും കുടുംബങ്ങൾക്കും കഴിയുക യില്ല. 'വിവര-വിജ്ഞാന-വിനോദ' വിഭവങ്ങളുടെ മഹാപ്രളയത്തിന്റെ നൂതനകാല'മെന്നാണ് പുതിയ ലോകത്തെ ഇസ്രായേല്യ ചരിത്രകാരൻ യുവാൽ നോവാ ഹരാരി (Yuval Noah Harari) വിശേഷിപ്പിക്കുന്നത്.

സഭകൾ നടത്തുന്ന ഓൺലൈൻ വാർത്താ സംപ്രേഷണങ്ങളും പരിപാടികളും ക്രിസ്തീയ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനു പ്രാധാന്യം നൽകണം. വേദവിശകലനങ്ങൾക്ക് സാമൂഹിക കാഴ്ചപ്പാടും പ്രസക്തിയും നഷ്ടപ്പെടരുത്. സ്നേഹം, സത്യം, ധർമ്മം, കരുണ, നീതി തുടങ്ങിയ ദർശനങ്ങൾ പ്രദാനം ചെയ്യണം. ദൈവരാജ്യമൂല്യങ്ങൾ ഭൂമിയിൽ യാഥാർത്ഥ്യമാക്കുവാനുള്ള പദ്ധതികൾക്ക് പ്രധാന്യം നൽകണം. അവ സത്യാനന്തരത നിലനിർത്തുന്നതും സ്ത്രീ വിരുദ്ധ കാഴ്ചപ്പാടുകൾ പുലർത്തുന്നതുമാകരുത്.

അദ്ദേഹത്തിന്റെ 2024ലെ നെക്സസ് (Nexus: A Brief History of Information Networks from the Stone Age to AI) എന്ന ഗ്രന്ഥം മനുഷ്യൻ അനുദിനം കൂടുതൽ സാങ്കേതികതയിലേക്ക് വളരുന്നു എന്ന് തെളിയിക്കുന്നു. അതിനാൽ നിർമ്മിതബുദ്ധിയുടെ കാലത്ത് മാധ്യമലോകത്തെ തിരസ്കരിച്ചുള്ള ഒരു സഭാലോകം സ്വപ്നം കാണുവാൻ കഴിയില്ല. മാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സഭകൾക്ക് കഴിയണം. മാധ്യമ കലയിൽ വൈദഗ്ധ്യമുള്ള വൈദികരെ ഉന്നതപഠനത്തിനയച്ച് സഭയുടെ മാധ്യമ ശുശ്രൂഷ ഫലപ്രദമാക്കണം.

ഉപസംഹാരം

സഭകൾ നടത്തുന്ന ഓൺലൈൻ വാർത്താ സംപ്രേഷണങ്ങളും പരിപാടികളും ക്രിസ്തീയ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനു പ്രാധാന്യം നൽകണം. വേദവിശകലനങ്ങൾക്ക് സാമൂഹിക കാഴ്ചപ്പാടും പ്രസക്തിയും നഷ്ടപ്പെടരുത്. സ്നേഹം, സത്യം, ധർമ്മം, കരുണ, നീതി തുടങ്ങിയ ദർശനങ്ങൾ പ്രദാനം ചെയ്യണം. ദൈവരാജ്യമൂല്യങ്ങൾ ഭൂമിയിൽ യാഥാർത്ഥ്യമാക്കുവാനുള്ള പദ്ധതികൾക്ക് പ്രധാന്യം നൽകണം. അവ സത്യാനന്തരത നിലനിർത്തുന്നതും സ്ത്രീ വിരുദ്ധ കാഴ്ചപ്പാടുകൾ പുലർത്തുന്നതുമാകരുത്. മാധ്യമങ്ങൾ തിരസ്കൃതരും പീഡനം അനുഭവിക്കുന്നവരുമായ ജനതയുടെ ശബ്ദമായിത്തീരണം. ഇപ്പോൾ ഓൺലൈൻ മാധ്യമങ്ങൾ അധികാരത്തിന്റെയും ആഘോഷത്തിന്റെതുമാണ്. മുഖം നഷ്ടപ്പെടുന്നവർക്ക് അഭയവും സാന്ത്വനവും ശക്തീകരണവും സഭയിലെ മാധ്യമങ്ങൾക്ക് പകരുവാൻ കഴിയണം. ബലഹീന ജനസമൂഹത്തിന്റെ ശക്തികരണത്തിനും സാമൂഹിക പരിവർത്തനത്തിനുമുള്ള ഡിജിറ്റൽ വേദികളായി തീരണം സഭാ മാധ്യമങ്ങൾ.

സാംസ്കാരിക ആധുനികതയും പൗരസ്ത്യ ആദ്ധ്യാത്മികതയും

ഫാ. ഡോ. ജോസ്സി ജേക്കബ്
പ്രിൻസിപ്പാൾ, സെന്റ് തോമസ് സെമിനാരി, നാഗ്പൂർ

ആധുനികതയുടെ അതിപ്രസരം ഇന്ന് പൗരസ്ത്യ സമൂഹങ്ങളെ മുഴുവൻ സ്വാധീനിച്ചു കൊണ്ടിരിക്കുകയാണല്ലോ. ആധുനികതയെ കേവലം കാലബന്ധിതമായി മാത്രം കാണുന്നത് തികച്ചും അയഥാർത്ഥ്യമായ കാഴ്ചപ്പാടായിരിക്കും. സാംസ്കാരിക ആധുനികത (Cultural Modernity) എന്ന സാമൂഹിക പ്രതിഭാസത്തിന്റെ വ്യാപ്തിയും അവിടെ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ സ്ഥാനവും സാംഗത്യവുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കാൻ ശ്രമിക്കുന്നത്. പാശ്ചാത്യ ലോകത്ത് നൂറ്റാണ്ടുകളിലൂടെ വികസിതമായ 'ആധുനികത' (modernity) എന്ന സാമൂഹിക സാഹചര്യം പൗരസ്ത്യ ദേശങ്ങളിലേക്ക് അതിവേഗം പ്രചരിതമാകുകയും അത് നമ്മുടെ സാമൂഹികവും വ്യക്തിപരവുമായ ജീവിതത്തിന്റെ വിവിധ വശങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. 'സാംസ്കാരിക ആധുനികത' എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം സമകാലിക ജീവിത സാഹചര്യങ്ങളിൽ ആദ്ധ്യാത്മികതയുടെ സ്വഭാവവും മതജീവിതത്തിന്റെ സാംഗത്യവും മനസ്സിലാക്കുന്നതിന് സഹായകമാവും.

ആധുനികത എന്ന പ്രതിഭാസം

'ആധുനികത' എന്ന സംജ്ഞ ഈ കാലഘട്ടത്തിൽ വളരെ പരിചിത മാണെങ്കിലും പ്രസ്തുത പദത്തിന്റെ കാലികവും ചരിത്രപരവുമായ വ്യാപ്തിയെ ലളിതമായി നിർവ്വചിക്കുക ദുഷ്കരമാണ്. ദീർഘമായ ഒരു ചരിത്രജീവിതം ഈ വാക്കിൽ ഉള്ളടങ്ങിയിരിക്കുന്നു. ചരിത്രത്തിലെ വ്യത്യസ്തങ്ങളായ ചിന്താധാരകൾ, മനുഷ്യചിന്തയുടെ വികാസപരി ണാമങ്ങളുടെ വിവിധ ഘട്ടങ്ങൾ എന്നിവയെല്ലാം ഈ വാക്കിൽ സംയോജിച്ചിരിക്കുന്നു.

ആധുനികത എന്നത് പാശ്ചാത്യ ലോകത്ത് നൂറ്റാണ്ടുകളിലൂടെ സംഭവിച്ച സാമൂഹിക പരിണാമത്തിലൂടെ ഉരുത്തിരിഞ്ഞ സാംസ്കാരിക പ്രതിഭാസമാണ്. പതിനാലാം നൂറ്റാണ്ടിലെ നവോത്ഥാനം (renaissance) മനുഷ്യകേന്ദ്രീകൃതമായ ഒരു ചിന്താധാരയും സാമൂഹിക ക്രമവും നടപ്പിലാക്കുക എന്ന ആശയം ശക്തമായി മുന്നോട്ടു വച്ചു. യൂറോപ്യൻ സമൂഹത്തിൽ അക്കാലം വരെ ക്രൈസ്തവ സഭയുടെ സ്വാധീനം അതിശക്തമായിരുന്നു. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മിക്കവാറും എല്ലാ വശങ്ങളിലും ക്രൈസ്തവ സഭ കടുത്ത ഇടപെടലുകൾ നടത്തുകയും നിയന്ത്രണങ്ങൾ ഏർപ്പെടു ത്തുകയും ചെയ്തിരുന്നു. പ്രസ്തുത സംവിധാനത്തെ എതിർത്തു കൊണ്ട് മാനവികത അടിത്തറയാക്കി യാഥാർത്ഥ്യങ്ങളെ വിലയിരുത്തി മനസ്സിലാക്കുന്ന ഹ്യൂമനിസം (Humanism) എന്ന ചിന്താധാര പാശ്ചാത്യ നവോത്ഥാന (Renaissance) ത്തോടെ പ്രചരിതമായി. പതിനാലാം നൂറ്റാണ്ടിലെ ഇറ്റാലിയൻ ചിത്രകാരനും പ്രസിദ്ധ ശില്പിയുമായിരുന്ന മൈക്കളാഞ്ചലോയുടെ സൃഷ്ടികൾ നവോത്ഥാന കാലഘട്ടത്തിന്റെ ചിന്താധാരയെ പ്രതിഫലിപ്പിക്കുന്നവയാണ്. പ്രതീകാത്മക (Symbolic) മായിരുന്ന കലാരൂപങ്ങളെ യാഥാർത്ഥ്യവൽകൃത (Realistic) മായ സംവിധാനങ്ങളിലേക്ക് മാറ്റുന്ന പ്രവണത നമുക്ക് ആ കാലഘട്ടത്തിലെ യൂറോപ്യൻ സാഹിത്യത്തിലും, കലയിലും മറ്റ് ജീവിത വീക്ഷണ ങ്ങളിലും വ്യക്തമായി കാണാം.

യൂറോപ്പിൽ നവോത്ഥാനത്തിനു (renaissance) ശേഷം പതിനാറാം നൂറ്റാണ്ടിൽ ആരംഭിച്ച നവീകരണ പ്രസ്ഥാനം (Reformation movement) നൈയാമികമായി (Legalistic) പ്രവർത്തിച്ചിരുന്ന മദ്ധ്യകാല യൂറോപ്യൻ സാമൂഹികവും കുടുംബപരവുമായ ബന്ധങ്ങളെ വ്യക്തി കേന്ദ്രീ കൃതവും കൂടുതൽ സ്വതന്ത്രവുമാക്കി മാറ്റി. പിന്നീട് പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ യൂറോപ്പിൽ ഉടലെടുത്ത വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി വലിയ വ്യാവസായിക നഗരങ്ങൾ രൂപീകൃതമാകുകയും അതിന്റെ അനന്തരഫലമായി വ്യത്യസ്തങ്ങളായ സാംസ്കാരികവും സാമൂഹികവുമായ പശ്ചാത്തല ങ്ങളിൽ നിന്ന് നഗരങ്ങളിലേക്കു എത്തിച്ചേർന്ന തൊഴിലാളികൾക്ക്

പരസ്പരം ആശയവിനിമയം നടത്തുന്നതിനു ധാരാളം അവസരങ്ങൾ ലഭിച്ചു. അത്തരത്തിൽ നടന്ന സംസ്കാരാന്തര ആശയ സംവേദനങ്ങൾ (Cross-Cultural Comm-unication) പുതിയ ആശയ ഗതികളും മൂല്യബോധവും വ്യക്തികളിൽ രൂപപ്പെടുന്നതിനു കാരണമായി. അതോടൊപ്പം വ്യാവസായിക നഗരങ്ങളിൽ തൊഴിലെടുക്കുന്നവർക്ക് ലഭിച്ച പണത്തിന്റെ മേലുള്ള നിയന്ത്രണവും സാംസ്കാരിക പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള സാഹചര്യങ്ങളും യൂറോപ്യൻ കാഴ്ചപ്പാടുകളെ വീണ്ടും വ്യത്യാസപ്പെടുത്തി. വ്യത്യസ്ത സംസ്കാരങ്ങളുടെ അംശങ്ങൾ കൂട്ടിച്ചേർത്ത് ഒരു പുതിയ സങ്കര സംസ്കാരം (Syncretic Culture) ക്രമേണ യൂറോപ്യൻ നാഗരികതയുടെ മുഖമുദ്രയായി മാറി.

പത്തൊൻപതാം നൂറ്റാണ്ടിൽ ഉടലെടുത്ത യൂറോപ്യൻ പ്രബുദ്ധത (European Enlightenment) നവോത്ഥാനത്തിൽ സമാരംഭിച്ച മാനവികതാ വാദത്തിന് പുതിയ മാനങ്ങൾ നൽകി. മതത്തിന്റെയും, സാംസ്കാരിക പൈതൃകങ്ങളുടേയും, പാരമ്പര്യങ്ങളുടേയും ബന്ധനത്തിൽ നിന്നും മനുഷ്യചിന്തയെ സ്വതന്ത്രമാക്കാനും യുക്തിബോധം മാത്രം അടിത്തറയാക്കുന്ന ചിന്താ സംവിധാനം നടപ്പിലാക്കുവാനും പ്രബുദ്ധതാവാദികൾ ആഹ്വാനം നൽകി. പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർമൻ തത്വ ശാസ്ത്രജ്ഞനായ ഇമ്മാനുവേൽ കാന്റ്, യൂറോപ്യൻ പ്രബുദ്ധതയുടെ പിതാവ് എന്നറിയപ്പെടുന്നു. അദ്ദേഹം 'എന്താണ് പ്രബുദ്ധത?' (What is Enlightenment?) എന്ന തന്റെ പ്രസിദ്ധമായ ലേഖനത്തിൽ പ്രസ്തുത ആശയം ശക്തമായി പ്രതിപാദിച്ചിരിക്കുന്നു. പ്രബുദ്ധതയുടെ അനന്തര ഫലമായി മതരഹിത മാനവികത (Secular humanism) എന്ന ആശയ സംവിധാനം ഉടലെടുത്തു. മതങ്ങൾ ദൈവത്തിനു നൽകുന്ന കേന്ദ്ര

സ്ഥാനം മനുഷ്യനു നൽകുക എന്നതാണ് പ്രസ്തുത ചിന്താധാരയുടെ അടിത്തറയായ ആശയം.

മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ച് പിന്നീടുണ്ടായ ശക്തമായ വാദഗതി അസ്തിത്വവാദം (Existentialism) എന്ന താത്വിക ചിന്താധാരയിൽ നിന്നായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചിരുന്ന സോറൻ കിർക്കെഗാഡ് എന്ന തത്വചിന്തകൻ സമൂഹത്തെക്കാൾ വ്യക്തി പ്രാധാന്യമുള്ളവനാണെന്നും, സത്യം തികച്ചും ആത്മനിഷ്ഠം (Subjective) ആണെന്നും വസ്തുനിഷ്ഠം (Objective) അല്ലെന്നും അതിനു സാമൂഹിക അംഗീകാരം ആവശ്യമില്ലെന്നും വാദിച്ചു. ഇരുപതാം നൂറ്റാണ്ടിൽ അസ്തിത്വവാദം പല രൂപങ്ങളിൽ അവതരിച്ച് 'വ്യക്തികേന്ദ്രീകൃതത്വം' എന്ന ആശയം പാശ്ചാത്യ സാമൂഹിക മനഃസാക്ഷിയിൽ ആഴത്തിൽ വേരോടുന്നതിനു കാരണമായി. അസ്തിത്വവാദവും ദൈവനിഷേധവും ഇഴചേർന്ന് ദൈവ-മനുഷ്യ ബന്ധത്തെത്തന്നെ നിഷേധിക്കുന്ന തലത്തിലേക്ക് പാശ്ചാത്യ സംസ്കാരം എത്തിച്ചേർന്നു.

മനുഷ്യയുക്തിയുടെ സ്വയംഭരണത്തിന്റെ പ്രഖ്യാപനവും ദൈവഗ്രഹണവും (Declaration of the autonomy of human rationality and the eclipse of God) എന്നതാണ് ആധുനികതയുടെ മുഖമുദ്ര എന്ന് ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിവക്ഷിക്കുന്നു. മനുഷ്യൻ മതത്തിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും സ്വതന്ത്രനായി ശാസ്ത്രീയ വിജ്ഞാനവും യുക്തിബോധവും മാത്രം അടിസ്ഥാനമാക്കി ജീവിക്കുക എന്നതാണ് ആധുനികതയിൽ മുന്നിട്ടു നിൽക്കുന്ന ഒരു പ്രവണത. സ്വന്തയുക്തിക്ക് നിരക്കുന്ന തലത്തിലേക്ക് മതത്തേയും ദൈവത്തെയും കുറിച്ചുള്ള കാഴ്ചപ്പാടിനെ പരിമിതപ്പെടുത്തുന്നതും ആധുനികതയിൽ കണ്ടു വരുന്ന സമ്പ്രദായമാണ്. മനുഷ്യയുക്തിക്ക് അതീതമായി നിൽക്കുന്ന മതപരമോ ആദ്ധ്യാത്മികമോ ആയ അധികാരങ്ങളെല്ലാം ആധുനികത നിഷേധിക്കുന്നു.

"ഇരുപതാം നൂറ്റാണ്ടിൽ അസ്തിത്വവാദം പല രൂപങ്ങളിൽ അവതരിച്ച് 'വ്യക്തികേന്ദ്രീകൃതത്വം' എന്ന ആശയം പാശ്ചാത്യ സാമൂഹിക മനഃസാക്ഷിയിൽ ആഴത്തിൽ വേരോടുന്നതിനു കാരണമായി. അസ്തിത്വവാദവും ദൈവനിഷേധവും ഇഴചേർന്ന് ദൈവ- മനുഷ്യ ബന്ധത്തെത്തന്നെ നിഷേധിക്കുന്ന തലത്തിലേക്ക് പാശ്ചാത്യ സംസ്കാരം എത്തിച്ചേർന്നു"

പാശ്ചാത്യ രാഷ്ട്രങ്ങളുമായും സമൂഹങ്ങളുമായും നിലനിൽക്കുന്ന ബന്ധത്തിലൂടെ ഭാരതത്തിലേക്കും സാംസ്കാരികമായ ആധുനികത അതിവേഗം പ്രചരിതമായി. ആഗോളവത്ക്കരണത്തിലൂടെ പാശ്ചാത്യ-പൗരസ്ത്യ സമൂഹങ്ങൾ തമ്മിലുള്ള സങ്കലനം (Synchronization) തീവ്രതയും വേഗവും ഉള്ളതാക്കി മാറ്റി. ഈ സാഹചര്യത്തിലാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടേയും സ്വത്വബോധത്തിന്റേയും പ്രസക്തി വിശ്വാസികളുടെ ബോധ്യത്തിൽ വരേണ്ടത്.

ആധുനികതയിൽ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ പ്രസക്തി

ഒരുവശത്ത് മനുഷ്യസ്വാതന്ത്ര്യത്തെ ആധുനികത അമിതവത്കരിക്കുമ്പോഴും മറുവശത്ത് നവ ലിബറൽ (Neo-liberal) സാമ്പത്തിക തത്വങ്ങൾ നടപ്പിലാക്കുന്നതിലൂടെ മനുഷ്യസ്വാതന്ത്ര്യത്തെ വല്ലാതെ ചുരുക്കുകയും, അവനെ അതിജീവന ആകുലതയിലേക്ക് (existential anxiety) തള്ളിവിടുകയും ചെയ്യുന്നു എന്നതാണ് പരമാർത്ഥം. നിലനില്പിനെക്കുറിച്ചുള്ള ഭയവും ഭാവിയെക്കുറിച്ചുള്ള ആകുലതയും മനുഷ്യരെ വല്ലാതെ വരിഞ്ഞ് മുറുക്കി ദുർബലരാക്കുന്നു. ആധുനികത നൽകുന്ന ഭയത്തെ മുതലെടുത്ത് വൈകാരിക തലത്തിൽ മാത്രം നിലനിൽക്കുന്നതും ദ്രവ്യസമ്പാദനത്തിന്റെ പ്രലോഭനങ്ങളുമായി ബന്ധപ്പെടുത്തി മാത്രം ആദ്ധ്യാത്മികത പ്രചരിപ്പിക്കുന്നതുമായ അനേകം പ്രസ്ഥാനങ്ങൾ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നു.

പൗരസ്ത്യ ക്രൈസ്തവ ദർശനപ്രകാരം മനുഷ്യനെ ദൈവാരാധനയിൽ ചേർത്തു നിർത്തുന്നത് അതിജീവന ആകുലതയല്ല. മറിച്ച് ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിലുള്ള ദൈവസാക്ഷാത്ക്കാരത്തിനുള്ള വാഞ്ഛയാണ്. വ്യക്തി കേന്ദ്രകൃതമായതും വൈകാരിക സംതൃപ്തിയിൽ ഊന്നിയതുമായ ആഴമില്ലാത്ത ആദ്ധ്യാത്മികതയ്ക്ക് പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യങ്ങളിൽ തുലോം സ്ഥാനമില്ല. ഓർത്തഡോക്സ് ആദ്ധ്യാത്മികത അടിസ്ഥാനപരമായി കൗദാശികമാണ്. വിശുദ്ധ കുർബ്ബാനയെ കേവലം അനുഷ്ഠാനമായി കാണുകയും അതിന്റെ അന്തഃസത്ത തിരിച്ചറിയാതെയും ഉൾക്കൊള്ളാതെയും വൈകാരികമായ സംതൃപ്തി പ്രദാനം ചെയ്യുന്ന വിധത്തിലുള്ള ആത്മീയ അനുഷ്ഠാനങ്ങൾക്ക് അമിത പ്രാധാന്യ നൽകുകയും ചെയ്യുന്ന പ്രവണത മലങ്കരസഭയിൽ പല ഇടങ്ങളിലും ശക്തമായി നിലനിൽക്കുന്നുണ്ട്.

വിശുദ്ധ കുർബ്ബാന ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ മുഴുവൻ ആഘോഷമാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സംസർഗ്ഗത്തിന്റെ (communion) ഉയർന്ന അവസ്ഥയായാണ് ഓർത്തഡോക്സ് ദൈവവിജ്ഞാനീയം അതിനെ വിവക്ഷിക്കുന്നത്. വിശുദ്ധ കുർബ്ബാനയിൽ കർത്തൃശരീരമായ സഭ അതിലെ അംഗങ്ങളുടെ പരസ്പരകൂട്ടായ്മയും,

വിശുദ്ധ കുർബ്ബാന ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ മുഴുവൻ ആഘോഷമാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സംസർഗ്ഗത്തിന്റെ (communion) ഉയർന്ന അവസ്ഥയായാണ് ഓർത്തഡോക്സ് ദൈവ വിജ്ഞാനീയം അതിനെ വിവക്ഷിക്കുന്നത്.

ദൈവത്തോടുള്ള സംസർഗ്ഗവും അനുഭവിക്കുന്നതിനോടൊപ്പം ദൈവ സൃഷ്ടിയായ ഭൂമിയിലുള്ള മനുഷ്യപ്രയത്നത്തിലൂടെ രൂപപ്പെടുത്തുന്ന അപ്പവീഞ്ഞുകളെ ദൈവ തിരുമുമ്പാകെയുള്ള സമർപ്പണത്തിലൂടെ കർത്താവിന്റെ തിരുശരീര-രക്തങ്ങളായി പൂർത്തീകരിക്കുന്നു. അവിടെ മനുഷ്യനുൾപ്പെടെ സൃഷ്ടി മുഴുവന്റെയും മഹത്വീകരണവും ദൈവ സംസർഗ്ഗവുമാണ് സാധ്യമാകുന്നത്. ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രഗത്ഭ റഷ്യൻ ദൈവവിജ്ഞാനീയ പണ്ഡിതൻ നിക്കോളാസ് അഫനാസീവ് അഭിപ്രായപ്പെടുന്നത്, 'വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകുന്ന പുരോഹിതനും ശുശ്രൂഷകരും അതിൽ പങ്കെടുക്കുന്ന വിശ്വാസികളും അനുഷ്ഠാനം എന്നതിനപ്പുറത്ത് തിരുബലിയുടെ ആത്മാവിനെ ഉൾക്കൊള്ളണമെന്നാണ്.' കർത്താവ് സ്വയം നൽകിയ ബലിയുടെ ആത്മാവ് ഇതിലുണ്ട്. ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ ആത്മാവിനെ സ്വാംശീകരിക്കുവാൻ സാധിക്കുന്നിടത്താണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ സത്ത നിലനിൽക്കുന്നത്.

ക്രൂശാരോഹണത്തിനു മുന്നോടിയായി കർത്താവിനെ പീലാത്തോസിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവിടുന്ന് ഭയക്കാതെയും അതിജീവനത്തെക്കുറിച്ചുള്ള ആകുലത ഇല്ലാതെയും സൗമ്യതയോടെ എല്ലാം നേരിട്ടു. തന്റെ മുൻപിൽ ഭയത്തെ പൂർണ്ണമായും ജയിച്ച് സ്വന്തം വിധി ഏറ്റുവാങ്ങാൻ നിൽക്കുന്ന കർത്താവിനെ കണ്ട് ന്യായാധിപനായ പീലാത്തോസ് ഭയപ്പെട്ടു. സ്നേഹത്തിന്റെ നിറവിൽ സകല ആകുലതകളേയും അതിജീവിച്ച് സ്വയം നൽകിയ കർത്താവിന്റെ ആത്മാവിനെയാണ് വിശുദ്ധ കുർബ്ബാനയിലൂടെയും പ്രാർത്ഥനയിലൂടെയും ആത്മീയ അനുഷ്ഠാനങ്ങളിലൂടെയും നാം നേടിയെടുക്കേണ്ടത്. വ്യക്തികേന്ദ്രീകൃതവും പ്രായോഗികവുമായ ആത്മീയ സംസ്കാരത്തിൽ നിന്നും, ക്രിസ്തുകേന്ദ്രീകൃതമായ വിശ്വാസ ജീവിതത്തിലേക്കുള്ള പരിവർത്തനമാണ് ആധുനികതയുടെ വെല്ലുവിളികളെ സമഗ്രമായി നേരിടാൻ ആവശ്യമായത്.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ ജർമനിയിൽ നാസ്സി ഭരണത്തിനെതിരെ ശബ്ദമുയർത്തിയവരിൽ പ്രമുഖനായിരുന്ന ക്രൈസ്തവ

"ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം
മറ്റുള്ളവർക്കായുള്ള സ്വാതന്ത്ര്യമാണ്".
വ്യക്തികേന്ദ്രീകൃതമായ ആത്മീയത മനുഷ്യന്റെ അതിജീവന
ആകുലതയെ താത്ക്കാലികമായി ശമിപ്പിക്കുന്നു.
സത്യത്തിലേക്ക് തുടർച്ചയായി നയിക്കുന്ന,
ദൈവസംസർഗ്ഗത്തിന്റെ തലങ്ങളിലേക്ക് ഉയർത്തുന്ന,
ദൈവസ്വഭാവത്തിന്റെ സ്വാംശീകരണം മനുഷ്യനു സാധ്യമാക്കുന്ന
ആദ്ധ്യാത്മികതയാണ് മനുഷ്യന് എക്കാലത്തും ആവശ്യമായത്.
അതുതന്നെയാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ മർമ്മവും"

ചിന്തകനായ ഡീട്രിച്ച് ബോൺഹോഫർ ഇപ്രകാരം പറയുന്നു: "ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം മറ്റുള്ളവർക്കായുള്ള സ്വാതന്ത്ര്യമാണ്". വ്യക്തികേന്ദ്രീകൃതമായ ആത്മീയത മനുഷ്യന്റെ അതിജീവന ആകുലതയെ താത്ക്കാലികമായി ശമിപ്പിക്കുന്നു. പക്ഷേ, അത് സ്ഥായിയായി വ്യക്തിത്വത്തെ ശക്തീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നില്ല. പകരം അത് ഭയത്തിൽ നിന്നുള്ള താത്ക്കാലിക മോചനത്തിന്റെയും, വീണ്ടും ബന്ധനത്തിന്റേയും ആവർത്തിക്കപ്പെടുന്ന ചാക്രികതയിലേക്ക് (cyclical movement) തള്ളിവിടുന്നു. സത്യത്തിലേക്ക് തുടർച്ചയായി നയിക്കുന്ന, ദൈവസംസർഗ്ഗത്തിന്റെ തലങ്ങളിലേക്ക് ഉയർത്തുന്ന, ദൈവസ്വഭാവത്തിന്റെ സ്വാംശീകരണം മനുഷ്യനു സാധ്യമാക്കുന്ന ആദ്ധ്യാത്മികതയാണ് മനുഷ്യന് എക്കാലത്തും ആവശ്യമായത്. അതുതന്നെയാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ മർമ്മവും.

ഉപസംഹാരം

ആധുനികത സൃഷ്ടിക്കുന്ന മായാപ്രപഞ്ചത്തിന്റെ ആകർഷണീയതയിൽ അമിതമായി അകപ്പെട്ട് നിലനില്പിനെക്കുറിച്ചുള്ള ഭയത്തോടെ ജീവിക്കുന്നവരാണല്ലോ നമ്മളിൽ ഭൂരിപക്ഷവും. നാളെ എന്ത് എന്ന് ചോദ്യത്തിനു നാളെയും ദൈവം എന്ന മറുപടി ഒരു ബോധ്യമായി മാറാൻ വൈകാരികമായ ആത്മീയത മതിയാവുന്നില്ല. അതിന് യേശുക്രിസ്തുവിന്റെ ശരീരമായ സഭയോടു ചേർന്നു നിന്നുകൊണ്ട് അവിടുത്തെ മനസ്സ് സ്വായത്തമാക്കേണ്ടതുണ്ട്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ നമ്മെ പ്രബോധിപ്പിക്കുന്നു, "ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലിപ്പ്യർ 2:5). വിശുദ്ധ കുർബ്ബാനയിലൂടെയും ആരാധനാജീവിതത്തിലൂടെയും കർത്താവിന്റെ ഭാവം ഉൾക്കൊള്ളുവാനും അതിനനുസൃതമായി ജീവിക്കുവാനും നമുക്ക് പരിശ്രമിക്കാം.

A Study on Contemplation in Orthodox Spirituality

Fr. Dr. Ninan K George
Orthodox Theological Seminary, Kottayam

Introduction

The Eastern Church Fathers perceived, conceived, and defined Orthodox Christian spirituality in manifold ways, adopting a holistic approach to fulfill their task. In order to articulate and develop Orthodox Christian spirituality, the Church Fathers also instituted different practices in the church; contemplation is one of them. Contemplating the Paschal Mystery of God is given prime importance in Orthodox Spirituality. This article intends to unfold the relevance of contemplation in Orthodox Christian Spirituality.

What is Orthodox Spirituality?

According to Church Fathers, it is union with Christ, with God. St. Dionysius the Areopagite advocated three distinct stages for Orthodox spirituality: purification, illumination, and union. A spiritual person is one who purifies himself of all worldly and moral defects in order to be united with the love of Christ. The mystical experience takes place in this world, yet the cause, God, is beyond the material world. The Holy Trinity is the basis, and love is the hallmark of Orthodox Spirituality. The very basis of Christian life is in the mystery of the Holy Trinity and Incarnation. Orthodox Church Fathers also defined spirituality as the life in and with the Holy Spirit. It is an ascetic and pious struggle against sin through repentance, prayer, fasting, and participation in the sacramental life of the Church. Orthodox Christians always prefer to use the terms 'life in Christ', 'life in Spirit', 'the spiritual life', and the 'life in God' to describe the life of the Christian in union with God.

One of the Orthodox Church Fathers' deliberations on Orthodox Spirituality is noteworthy: "Orthodox Spirituality presents the process of a Christian's progress on the road to perfection in Christ, by the cleansing of passions and the winning of the virtues, a process which takes place in a certain order. Spirituality describes the manner in which Christians can go forward from the cleansing of one passion to the cleansing of another. Thus, a certain level of perfection is reached and culminates in love. This is a state that represents the cleansing of all passions and the winning of all the virtues. As man/woman climbs toward this peak, he/she simultaneously moves



We see that it is not the task of christanity to provide easy answers to every question, but to make us progressively aware of a mystery. God is not so much the object of our knowledge as the cause of our wonder.

Bishop Kallistos Ware
The Orthodox way

toward union with Christ and the knowledge of Him by experience, which also means his/her deification".

What is the Goal of Orthodox Spirituality?

The goal of Orthodox Spirituality, commonly accepted by all Eastern (Oriental) Church Fathers, is the perfection of the believer through union with God in Christ. Because God is unending, this union, or our perfection, has no point from which we can no longer progress. Hence, the Eastern Fathers state that perfection is unlimited. Thus, our perfection is not only the goal but also an unending process. This process has two distinguished steps: moving ahead toward perfection through purification from the passions and acquiring virtues, and a life progressively moving ahead in union with God.

Unique features of Orthodox Spirituality

The following points are considered as the features of Orthodox Spirituality:

1. The culminating state of the spiritual life is a lived or experienced union of the soul with God.
2. This union is realized by the working of the Holy Spirit, but until it is reached, man is involved in a prolonged effort of purification.
3. It takes place when man reaches the 'likeness of God' and is simultaneously knowledge and love.
4. Among other things, the effect of this union consists of a considerable intensification of spiritual energies in man, accompanied by all kinds of charisma.

Contemplation as the Soul of Orthodox Spirituality

Let's see how philosophers understand contemplation and its experiences. Contemplation held a significant place in Plato's philosophy; he believed that through contemplation, the soul could attain knowledge of the Form of the Good or other divine Forms. Plotinus, a Neoplatonic philosopher, also presented contemplation as a critical component for achieving *henosis*, with the ultimate contemplation being the experience of the vision of God, the Monad, or the One. According to Porphyry, Plotinus's student, Plotinus claimed to have had this experience of God four times and documented it in his writings.

Since Palestinian Judaism is the cradle of Christianity and early Christian understanding, con-templation in Jewish tradition deserves special attention and study. A number of sources have described the importance of contemplation in Jewish traditions, especially in Jewish meditation. Contemplation was central to the teaching of the Jewish philosopher Maimo-nides, who taught that contem-plating God involves recogni-zing moral perfection and that one must interrupt contem-plation to attend to the poor. Contemplation has also been central to different religious movements that arose in Judaism.

Let's see how contemplation is important for Orthodox Christians in the following lines. In Orthodox Christianity, contemplation *(Theoria)* literally means to see God or to have the Vision of God. The state of beholding God, or union with God, is known as *Theoria.* The process of deification *(Theosis)* which leads to that state of union with God known as *theoria* is practiced in the ascetic tradition of Hesychasm. Hesychasm is to reconcile the heart and the mind into one thing. Contemplation in Eastern (Oriental) Orthodoxy is expressed in degrees as those covered in St. John Climacus' *Ladder of Divine Ascent*. St. John Climacus describes contemplation as a progressive journey, with different levels of spiritual development. The process of changing from the old man of sin into the newborn child of God and into our true nature as good and divine is called *Theosis.* Orthodox Christians use the word 'deification' or participation in the divinity to characterize the union with God.

However, it does not mean that there is a pantheistic identification of man with God, but asserts the possibility of a 'union' of man with God, of a direct 'vision' of Him, of 'participation' in Him, through grace.

In Orthodox spirituality, "contemplation" refers to a deep, mystical practice of directly experiencing God's presence through a state of inner stillness and receptivity, often described as "seeing God" or "the vision of God". It is a state where one transcends intellectual thought to access a deeper, intuitive knowing of the divine through prayer and meditation. Contemplation is considered a journey towards union with God, often facilitated by practices like the Jesus Prayer and contemplation of the Paschal Mystery. As St. Irenaeus says, 'the glory of God is the living man, and the life of man is the vision of God'. While St. John the Theologian says that 'no one has ever seen God' (John 1:18), our Lord deliberates 'yes', it can be, saying 'Blessed are the pure in heart: for they shall see God' (Matthew 5:8).

The primary method for Orthodox contemplation is often the practice of Hesychasm, where one repeatedly prays the Jesus Prayer in quiet stillness to reach a state of *hesychia* (= inner peace). In order to make contemplation in Orthodox tradition more sensible, a couple of points about Orthodox contemplation need to be addressed. Its main focus is on the Uncreated Light. Orthodox theology describes contemplation as experiencing the "Uncreated Light," a divine energy that permeates all creation and is accessible through prayer and purification of the soul. Second, Orthodox contemplation is beyond human intellect. Orthodox Church Fathers view contemplation as

"As our bodily eyes are illuminated by seeing the light, so in contemplating God our soul is illuminated by Him"

St. John Chrysostom

not just intellectual understanding but a direct, mystical experience that transcends rational thought.

Conclusion

From the Orthodox point of view, prayer, whether public or private, has been considered the soul of Orthodox spirituality. It is commonly accepted by Orthodox people that there is no spiritual life without prayer, and there is no labor greater than praying to God. Keeping this in mind, the Church has been administering seven canonical prayers a day. Apart from them, there are short prayers like 'kurieeleison' which can be recited at any time, even while doing some work. The reason the Holy Church provides such a privilege is very simple: since we are created in God's image, we all need to hold that treasure in us. That consciousness can be considered the beginning of contemplation. Through contemplation, the phantoms of sin of a faithful person will be swept away, and he/she will be illumined to illumine others and the entire surroundings wherein he/she lives.

Orthodox spirituality is not an ecstatic movement like some contemporary so-called spiritual movements. It gives us a lesson for the perpetual and continuing bliss that one can really experience in the Divine Liturgy of the Church. Flight from division, ascetic silence, and hospitality are highly extolled in Orthodox spirituality. For the Church Fathers, 'to flee from the world' means to flee from everything that divides. It is very important to see that Orthodox spirituality must ultimately be understood in terms of the Paschal Mystery. It is an affirmation of the Cross as the path of resurrection. The ability to bear the cross comes from the joy of resurrection. Joy in our Lord is our strength.

Bibliography

Alfeyev, Metropolitan Hilarion. *The Mystery of Faith*. New York: St. Vladimir's Seminary Press (SVSP), 2011.

Alfeyev, Metropolitan Hilarion. *Orthodox Christianity Vol. II*. New York: SVSP, 2012.

Cherian, Fr. C. C. *Orthodox Spirituality* (Malayalam). Kottayam: Divyabodhanam Publications, 2017.

Mar Gregorios,Paulos. *Orthodox Christian Vision*. Kottayam: Divyabodhanam Publications, 2015.

ആത്മീയ അനുഷ്ഠാനചര്യകളും സാംഗത്യവും

ഫാ. ജോബ് സാം മാത്യു,
ഓർത്തഡോക്സ് സെമിനാരി, കോട്ടയം

ആത്മീയതയും അതിന്റെ ആവിഷ്കാരവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അനുദിനം മനുഷ്യർ ഇടപെടുന്ന വ്യത്യസ്തമായ സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും ആത്മീയത നിലനിർത്തുന്നതിനാവശ്യമായ മാർഗ്ഗനിർദേശങ്ങളും ക്രമീകരണങ്ങളും ക്രിസ്തീയ സഭ രൂപപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ഭക്ഷണം കഴിക്കുന്നതിനു മുമ്പും ശേഷവും നാം പ്രാർത്ഥിക്കുന്നു. തിരുവചനം വായിക്കുന്നതിനു മുമ്പും ശേഷവും പ്രാർത്ഥിക്കുന്നു. പള്ളിയിലേക്ക് പ്രവേശിക്കുമ്പോഴും നേർച്ചകാഴ്ചകൾ സമർപ്പിക്കുമ്പോഴും പ്രാർത്ഥനയുണ്ട്. രോഗികൾ, പിശാച് ബാധിതർ, ഗർഭിണികൾ, കുട്ടികൾ മുതലായി വ്യത്യസ്ത സാഹചര്യങ്ങളിലുള്ള മനുഷ്യർക്കു വേണ്ടി നാം പ്രാർത്ഥിക്കുന്നു. അപ്രകാരം മനുഷ്യർ അനുദിനം ചെയ്യുന്ന എല്ലാ കാര്യങ്ങളും പ്രാർത്ഥനാവേളകളായി നാം രൂപപ്പെടുത്തുന്നു. ഇവയിലൂടെ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നാം വിശ്വസിക്കുന്നതും സംവേദനം ചെയ്യുന്നതുമായ കാര്യങ്ങൾ പ്രായോഗികതലത്തിൽ ആവിഷ്കരിക്കുന്നു. ആത്മീയ അനുഷ്ഠാനചര്യകൾ (Spiritual practices) ആവർത്തനത്തിലൂടെ ജീവിതത്തിന്റെ ഭാഗമാകുന്നു.

ആത്മീയ അനുഷ്ഠാനചര്യകൾ പാലിക്കുന്നതിലൂടെ ദൈവത്തിന്റെ സാന്നിധ്യം വൈകാരികമായും അനുഭവപരമായും പ്രാപിക്കുവാൻ വിശ്വാസികൾ ശ്രമിക്കുന്നു. ആത്മീയചര്യകൾ വഴി ദൈവത്തോടുള്ള അഭേദ്യമായ ബന്ധം ഉറപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഇവയിലൂടെ തെറ്റുകൾ ക്ഷമിക്കപ്പെടുകയും പാപങ്ങൾ മോചിക്കപ്പെടുകയും അനുഗ്രഹങ്ങളും വരങ്ങളും ലഭിക്കുകയും ചെയ്യും എന്ന് വിശ്വസിക്കുന്നു. യേശുക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്ന ലക്ഷ്യവും വിശുദ്ധീകരണം കൈവരിക്കുക എന്ന ഉദ്ദേശ്യവും ഇതിന് പിറകിലുണ്ട്. അനുഷ്ഠാനചര്യകൾ വഴി ജീവിതം അനുഗ്രഹീതമാ കുവാൻ പരിശുദ്ധാത്മ പ്രചോദനവും വിശ്വാസികൾ തേടുന്നു. അതിനാൽ ദൈവശാസ്ത്രപരമായ കൃത്യതയും ചരിത്രപരമായ സാംഗത്യവുമുള്ള അനുഷ്ഠാനചര്യകൾ ക്രിസ്തീയ ജീവിതത്തെ കരുത്തുള്ളതാക്കുന്നു.

ആത്മീയ അനുഷ്ഠാനചര്യകൾ പരിശുദ്ധ സഭ അംഗീകരിക്കുന്നതാകണം. സഭയുടെ മക്കൾ എന്ന നിലയിൽ വിശ്വാസികൾ ഒരു ആത്മീയചര്യ പാലിക്കുമ്പോൾ വ്യക്തിപരമായ നേട്ടത്തിലും ഉപരിയായി സഭയ്ക്കും സമൂഹത്തിനും അത് ഉപകാരപ്രദമാകണം. അത് വിശുദ്ധിയിലേക്ക് നയിക്കണം. ഓരോ നിമിഷങ്ങളിലും രൂപാന്തരത്തിന് വഴിയൊരുക്കണം. ഓരോ ആത്മീയചര്യയും അത് ആവിഷ്കരിക്കപ്പെടുന്ന സമൂഹത്തിന്റെ ആദ്ധ്യാത്മികതയെ സ്വാധീനിക്കുന്നുണ്ട്. അതുപോലെ ഒരു സമൂഹത്തിന്റെ ആദ്ധ്യാത്മിക നിലവാരത്തിന്റെ പ്രകാശനമായി ആത്മീയചര്യങ്ങളും ആവിഷ്കരിക്കപ്പെടുന്നു.

ഓരോ വിശ്വാസിയും രൂപപ്പെടുന്ന കുടുംബപശ്ചാത്തലം, വൈദികരുടെയും ഗുരുക്കന്മാരുടെയും സ്വാധീനം, സമകാലിക ലോകത്തിന്റെ ഇടപെടൽ, ഭാവിയെ കുറിച്ചുള്ള ദർശനങ്ങൾ മുതലായവ ആത്മീയ അനുഷ്ഠാനചര്യങ്ങളെ സ്വാധീനിക്കുന്നുണ്ട്. മനുഷ്യന്റെ വൈകാരിക മായ തലങ്ങളും മൂല്യബോധവും ശാരീരിക ആരോഗ്യവും ഇവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ആത്മീയചര്യയും ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് അനേകർ പൂർവ്വകാലത്ത് പരിശീലിച്ചിട്ടുള്ള താകാം. പൂർവികരുടെ ആദ്ധ്യാത്മിക ജീവിതത്തെ കരുപ്പിടിപ്പിക്കു

"ആത്മീയ അനുഷ്ഠാനചര്യകൾ പരിശുദ്ധ സഭ
അംഗീകരിക്കുന്നതാകണം.
സഭയുടെ മക്കൾ എന്ന നിലയിൽ വിശ്വാസികൾ ഒരു
ആത്മീയചര്യ പാലിക്കുമ്പോൾ വ്യക്തിപരമായ നേട്ടത്തിലും
ഉപരിയായി സഭയ്ക്കും സമൂഹത്തിനും അത്
ഉപകാരപ്രദമാകണം. അത് വിശുദ്ധിയിലേക്ക് നയിക്കണം. "

ന്നതിൽ സ്വാധീനിച്ചിട്ടുള്ളതാകാം. ആത്മീയതയുടെ ദൈവശാസ്ത്രവും ചരിത്രപരവുമായ അർത്ഥതലങ്ങൾ പരിചയമില്ലാത്തവർക്ക് അനുദിന ജീവിതത്തിൽ ആത്മീയ പ്രചോദനവും ഉത്സാഹവും ലഭിക്കുന്നതിന് ഇവ സഹായിക്കുന്നുണ്ട്. കലാപരമായ വാസന ഒരുവനിൽ ആഴപ്പെട്ട് ഉദാത്തമായ സൃഷ്ടികൾ രൂപപ്പെടുന്നത് പോലെ ആത്മീയ അനുഷ്ഠാന ചര്യകൾ നിരന്തരം പരിശീലിക്കുന്നതു വഴി വ്യക്തിത്വത്തിന്റെ ഭാഗമായിത്തീരുന്നു. ചില കാലങ്ങളിൽ ചില ചര്യകൾ കൂടുതൽ താല്പര്യത്തോടെ ആവിഷ്കരിക്കപ്പെടുകയും പിന്നീട് അവയോടുള്ള ആഭിമുഖ്യം കുറയുകയും ചെയ്യാറുണ്ട്.

ആത്മീയ അനുഷ്ഠാനചര്യകൾ ഓരോന്നും ചില വ്യക്തികൾ കാലഘട്ടത്തിനു അനുയോജ്യമായ വിധത്തിൽ ക്രിയാത്മകമായി പുനരാവിഷ്കരിക്കാറുണ്ട്. സമകാലീന പശ്ചാത്തലത്തിൽ ഭൂരിപക്ഷം ജനങ്ങളും അപ്രധാനം എന്ന് കരുതുന്ന ചില മൂല്യങ്ങളാകാം ഇവ സംവേദനം ചെയ്യുന്നത്. ധാരാളം ആത്മീയ അനുഷ്ഠാനചര്യങ്ങൾ സന്ന്യാസ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപം കൊണ്ടിട്ടുണ്ട്. ചില വിശ്വാസ പാരമ്പര്യങ്ങളിൽ സവിശേഷമായി ആചരിക്കപ്പെടുന്ന ആത്മീയചര്യങ്ങൾ മറ്റു ചില സമൂഹങ്ങളിൽ അപ്രധാനമായി ഗണിക്കാറുണ്ട്. ഉദാഹരണമായി പതിനേഴാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കാ സഭയിൽ രൂപപ്പെട്ട തിരുഹൃദയവണക്കം (Veneration of Sacred Heart of Jesus) എന്ന ആരാധനാരീതി പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ സ്വീകരിക്കുന്നില്ല. എന്നാൽ നമ്മുടെ പല ഭവനങ്ങളിലും തിരുഹൃദയത്തോടുകൂടിയ യേശുവിന്റെ ചിത്രം സൂക്ഷിക്കുന്നുണ്ട്. റോമൻ കത്തോലിക്ക സഭാ പാരമ്പര്യത്തിൽ വിശുദ്ധ കുർബാനയിലെ വലിയ ഓസ്തി വിശ്വാസികൾക്ക് കാണുന്ന വിധം വ്യത്താകാരമുള്ള കണ്ണാടി ചില്ലിട്ട് പരസ്യാരാധനയ്ക്ക് സൂക്ഷിക്കുന്ന ഒരു പാത്രമാണ് അരുളിക്ക. ഇത് നമ്മുടെ പള്ളികളിൽ പെരുന്നാൾ പ്രദക്ഷിണങ്ങൾക്ക് ഉപയോഗിക്കുന്നതും ത്രോണോസിൽ സ്ഥാപിക്കുന്നതും വിചിത്രമാണ്. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഏറെ സ്വീകാര്യമായി കരുതുന്ന ജീസസ് പ്രയർ (Jesus Prayer), പ്രയർ റോപ്പ് (Prayer Rope) എന്നിവയുടെ ഉപയോഗം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലങ്കരയിൽ ഏറെ വ്യാപകമായി.

ഒരു ആത്മീയ അനുഷ്ഠാനചര്യയായ തീർത്ഥാടനം വിശ്വാസികൾ ആചരിക്കുന്നുണ്ട്. തീർത്ഥാടന കേന്ദ്രത്തിലേക്ക് കാൽനടയായും വാഹനങ്ങളിലും എത്തുന്നവരുണ്ട്. ദൈർഘ്യത്തിലും വ്യത്യസ്തതകൾ ഉണ്ട്. തീർത്ഥാടനം എന്ന അനുഷ്ഠാനചര്യയിൽ തന്നെ വിവിധ ആത്മീയ നിഷ്ഠകളും ചര്യകളും സംയോജിപ്പിക്കുകയും ചെയ്യുന്നുണ്ട്. ചില ആത്മീയചര്യകൾക്ക് കാലക്രമേണ സ്വാധീനവും പ്രാധാന്യവും കുറയും. അദ്ധ്യക്ഷ സ്ഥാനങ്ങളിൽ നിലകൊള്ളുന്നവരുടെ സ്വാധീന

ത്തിൽ നിന്നോ ജനപ്രിയം എന്ന് പരിഗണിച്ചോ ചില ചര്യകൾ പ്രചരിക്കാറുണ്ട്. ഉദാഹരണമായി കുഞ്ഞുങ്ങളെ പള്ളികളിൽ കൊണ്ടുവന്ന് ഉദാഹരണമായി വിശുദ്ധർക്കു മുമ്പാകെ അടിമ വയ്ക്കുന്നത് വിശുദ്ധരോടുള്ള ആദരവ് കാണിക്കുന്നതിനും ദൈവത്തിന്റെ അനുഗ്രഹം കുട്ടികളുടെ മേൽ ഉണ്ടാകുന്നതിനുമാണ്.

ജീവിതത്തിൽ പാലിക്കുന്ന ആത്മീയ അനുഷ്ഠാനചര്യങ്ങളുടെ ചരിത്രപരമായ സാംഗത്യവും പ്രാധാന്യവും നാം മനസ്സിലാക്കണം. ഉദാഹരണമായി, കൈകൾ കൂപ്പി ആരാധനയിൽ പങ്കെടുക്കുന്നതിന്റെ സാംഗത്യം എന്താണ്? കുമ്പിട്ട് നമസ്കരിക്കുന്നതിന്റെ വേദപുസ്തക പശ്ചാത്തലം എന്താണ്? നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നത് വഴി ലഭ്യമാകുന്ന ആത്മീയ നൽവരങ്ങൾ ഏതെല്ലാം? അവയുടെ വേദപുസ്തകം അടിസ്ഥാനം എന്താണ്? ഇപ്രകാരം ഓരോ ആത്മീയചര്യയുടേയും സവിശേഷതകൾ മനസ്സിലാക്കുവാൻ ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണം. ആത്മീയ അനുഷ്ഠാനചര്യങ്ങളെ സംബന്ധിക്കുന്ന ധാരണ പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നും പൈതൃകഗീതങ്ങളിൽ നിന്നും വാചിക പാരമ്പര്യത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

ആത്മീയ അനുഷ്ഠാനചര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കപ്പെടുകയും ഇന്നത്ത തലമുറയ്ക്ക് സ്വീകാര്യമായ വിധത്തിൽ ക്രിയാത്മകമായി പുനരാവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. വികലമായവ ദൂരീകരിക്കുന്നതും ഇതിന്റെ ഭാഗമാണ്. മറ്റൊരു നാട്ടിലോ സഭയിലോ പ്രചുരപ്രചാരമുണ്ട് എന്ന പേരിൽ അവയെല്ലാം നമ്മുടെ സഭയിലേക്ക് സ്വീകരിക്കുന്നത് പ്രതിസന്ധി സൃഷ്ടിക്കും (അരുളിക്ക പിടിച്ചുകൊണ്ട് പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നത്). വിശുദ്ധ കുർബാനയെയും യാമനമസ്കാരങ്ങളെയും നോമ്പിനെയും ഉപവാസത്തെയും കൗദാശിക ജീവിതത്തെയും തമസ്കരിക്കുന്നതിനല്ല ആത്മീയ അനുഷ്ഠാന ചര്യകൾ. അതിനാൽ, സഭയുടെയും വിശ്വാസികളുടെയും ആദ്ധ്യാത്മിക വർദ്ധനവിനിടയാക്കും എന്ന ധാരണയിൽ ഇവിടെ ആവിഷ്കരിക്കുന്ന ആത്മീയ അനുഷ്ഠാനചര്യങ്ങളുടെ സാംഗത്യവും വേദശാസ്ത്രപരമായ കൃത്യതയും വിവേചനപൂർവ്വം ഉറപ്പാക്കണം. ക്രിസ്തുസംഭവത്തിന്റെ ആഴങ്ങളിലേക്കു പ്രവേശിക്കുന്നതിനും ദൈവരാജ്യത്തിന്റെ മുന്നാസ്വാദനം ലഭ്യമാകുന്നതിനും അനുഷ്ഠാന ചര്യകൾ വഴി ഇടയാകണം. പെരുമയും പ്രമാണിത്തവും അഹന്തയും പ്രകടിപ്പിക്കുന്നതിനല്ല, മറിച്ച് പരിശുദ്ധ സഭയുടെ ഭാഗമായി നില കൊള്ളുന്നതിനാകണം ഇവ. ആരാധനയിൽ സജീവമായി പങ്കെടുക്കുന്നതിനും അർത്ഥമറിഞ്ഞ് ആരാധിക്കുന്നതിനും ആത്മീയ അനുഷ്ഠാന ചര്യകൾ ഇടയാക്കണം. അപ്പോഴാണ് ആത്മീയ അനുഷ്ഠാനചര്യകൾ സാംഗത്യമുള്ളതാവുക.

REVISITING PAST GENERAL STATEMENTS 1989 - 2022

Fr. Dr. Jose John
Orthodox Theological Seminary, Kottayam

Paper presented at the Joint International Commission for Dialogue between the Roman Catholic Church and the Malankara Orthodox Syrian Church, 31st Meeting, December 12 & 13, 2023 at Mar Baselios Dayara, Njaliyakuzhy, Kottayam.

The Joint International Commission for Dialogue, which was jointly instituted by the Roman Catholic Church and the Malankara Orthodox Syrian Church in 1988, had its first meeting in 1989 at Sophia Centre, Kottayam. The dialogue process is undertaken through the working of sub-commissions in four major areas namely, Sacramental Theology, History of the St. Thomas Christians, Inter-church marriage and Common Witness of the Church.[1] From its inception, the Joint International Commission for Dialogue between the Roman Catholic Church and the Malankara Orthodox Syrian Church has been earnestly striving to resolve the problems and issues between the Churches through dialogues and deliberations. As a result, the Commission always addresses the crucial issues of disagreements between the Churches and formulates statements to come to agreements in particular issues like Christology, Sacramental Theology, and History of Christianity of the Thomas Christians. In this paper, we are reviewing all the past general statements, both

agreed and joint, to see how far it helped the life of the Church in India in its ecumenical journey and mission.

For the last 34 years (1989-2022) of our ecumenical journey we have conducted 30 meetings and produced a couple of statements to enrich the ecumenical relationship between the Churches.[2] It is the right time to revisit our ecumenical journey and make necessary action plans to fulfill the desired scope of this Commission. It is very interesting to note that the Joint International Commission for Dialogue between the Roman Catholic Church and the Malankara Orthodox Syrian Church of India unanimously adopted a common text concerning their faith in the mystery of the Incarnate Word in order to put an end to the Christological disagreement existed between the Churches. In its first meeting, the agreed statement on Christology was drafted and submitted to the concerned authorities of both Churches, who approved it and decided to make it public on June 3, 1990, the feast of Pentecost. It marks the successful beginning of our ecumenical journey and pilgrimage.[3]

1. GENERAL STATEMENTS AND ITS NATURE

Until 2022, we have produced many general statements. Statements could be divided into two categories: Agreed Statements and Joint Statements. It is quite appreciable that the Commission could regularly make joint statements at the end of its consultations, and it would be significant to continue this exercise to keep our ecumenical journey more serious and systematic.

1:1 Agreed Statements

By 2022, the Joint Commission had formulated five agreed statements on Christology, Sacramental Sharing (Eucharist, Penance and Anointing of the Sick), Sharing of Sacred Places, Proselytism, and the Synod of Diamper. Besides these, we have come to an agreement on certain other liturgical and pastoral responsibilities like godparents and pastoral care of students of other churches in their respective institutions. Regarding the role of godparents in Holy Baptism, the Churches could not come to an agreement due to its ecclesiological principles and policies.

1:1:1Agreement on Christology

In its first meeting, the commission declared that there is no essential disagreement in the Christological understanding of the

Churches, even though the two churches had developed their own Christological understanding in their particular socio-cultural and political contexts. The first meeting emphatically emphasized the fact that the two churches believe in the One Lord and Saviour Jesus Christ, perfect God and perfect man.[4]Both the Roman Catholic Church and the Malankara Orthodox Syrian Church approved the Doctrinal Agreement on Christology and decided to make it public on June 3, 1990, on the feast of Pentecost.[5]

The Doctrinal agreement affirms the common faith, with the same content, but notes that 'in formulating that content in the course of history, differences have arisen in terminology and emphasis'. The Churches expressed its conviction that 'these differences are such as can co-exist in the same communion and therefore, need not and should not divide us, especially when we proclaim Him to our brothers and sisters in the world in terms which they can more easily understand'. Christological issues, which were the main cause of division between the Churches, got resolved and approved through the agreed statement on Christology.[6]

1:1:2 Agreement on Sharing of Sacred Places

In 2010, the Joint Commission approved the agreement on sharing Sacred Places.[7] The Statement says, "Churches are consecrated buildings which have an important theological and liturgical significance for both the Catholic Church and the Malankara Orthodox Syrian Church. However, if one of these two Churches does not have a place or the liturgical objects necessary for celebrating worthily the Eucharistic liturgy, the diocesan bishop of the other Church may allow them the use of a church building of their Church and also lend them what may be necessary for their services.[8] Under similar circumstances, permission may be given on sharing of the cemeteries."[9] The agreement deals in detail the terms and conditions and the procedures that have to be followed in such situations of sharing of the sacred places.

1:1:3 Agreement on Sacramental Sharing

In 2011, the Commission agreed on sharing of the sacraments of Eucharist, Penance and Anointing of the Sick under certain particular situations and according to the norms proposed by the Churches.[10] According to this agreement, the faithful who were unable to find a minister of their own Church have to request the sacraments from a

minister of the other Church. The theological basis for this agreement is the identity of faith, though not yet complete, and to meet their needs with their spiritual benefit. It is limited to the situations in which the faithful find access to a priest of their own Church materially or morally impossible, which now rather frequent because of the dispersion of our faithful throughout the world.The statement reads as follows: "…in the event of an emergency and in the absence of the celebrant of one Church, the faithful can approach the minister of the other Church to receive the sacrament of the Anointing of the Sick, who may administer the sacrament in his own liturgical rite".

……**to be continued.**

Endnotes)

[1] In the preface of the Published Papers and Joint Statements (1989-2000) of the Joint International Commission for Dialogue between the Roman Catholic Church and the Malankara Orthodox Syrian Church, we read: "The Joint International Commission for Dialogue between the Catholic Church and the Malankara Orthodox Syrian Church was the direct result of the meetings of the heads of the two churches, H.H. Pope John Paul II and H.H. Moran Mar BaseliosMarthoma Mathews I in 1986 in Kottayam, Kerala". It was the result of the meeting of the heads of the two Churches. A Joint Commission for Dialogue between the Roman Catholic Church and the Malankara Orthodox Syrian Church had been established in 1988 , and its first meeting was held at Sophia Centre, Kottayam, in 1989. Xavier Koodapuzha and John Panickereds, *Joint International Commission for Dialogue Between the Catholic Church and the Malankara Orthodox Syrian Church: Papers and Joint Statements,* (Preface) (Kottayam; Joint International Commission for Dialogue…, 2001), 12.

[2] Every year meetings were alternatively hosted by the Churches from 1989 to 2022. No meetings were hosted in the following years; 2007, 2008, 2020 & 2021. (30 meetings in 34 years).

[3] With the established intention of promoting full communion of faith and sacramental life between the two Churches, and seeking a solution to var ious pastoral problems that currently cause of difficulty between these Churches, the members of the Joint Commission hoped that the doctrinal difference between the two Churches in Christology could be overcome and resolved, as had happened between the Roman Catholic Church and Coptic Church, as well as the Syrian Orthodox Church of Antioch. At the conclusion of their work, the members of the Commission drafted a joint text of Christology and were able to express the common faith of their

two Churches in the mystery of Christ. The text drafted by the members of the Commission was submitted to the respective authorities of the two Churches for approval and got approved, as mentioned earlier, in 1990.

[4] Xavier Koodapuzha and John Panicker, eds., *Joint International Commission for Dialogue Between the Catholic Church and the Malankara Orthodox Syrian Church: Papers and Joint Statements* (Preface) (Kottayam; Joint International Commission for Dialogue…, 2001), 12.

[5] Minutes of the Holy Episcopal Synod of the Malankara Orthodox Syrian Church, which held in the month of July 1990, report that the Doctrinal agreement on Christology prepared and submitted by the Joint Commission had been approved by Catholic and Malankara Orthodox Churches and it got proclaimed by the Supreme Heads of both the Churches on 3rd June 1990 at their respective headquarters in Vatican and Devalokam, Kottayam.

[6] https://www.dicastery+for+promoting+christian+unity.

[7] Minutes of the Holy Episcopal Synod of the Malanakara Orthodox Syrian Church, held in the month of February 1977, state that the Holy Synod had decided to render parishes/churches for liturgical celebrations of other denominations (Roman Catholic, Chaldean, C.S.I., C.N.I., Malabar Independent Church of Thozhiyoor and Marthoma) if it is necessary.

[8] Cf. *Called to be United*; Ecumenical Directory of the Syro Malabar Major Archiepiscopal Church, n. 142. Information Service 135 (2010/III-IV) 133.

[9] The Holy Episcopal Synod of the Malankara Orthodox Syrian Church held in the month of August 2010 approved the Proposed Statement on Sharing of the Sacred Places prepared by the Joint Commission.

[10] Holy Episcopal Synod of the Malankara Orthodox Syrian Church held in the month of August 2011 approved the Proposed Statement on Sharing of the Sacred Places prepared by the Joint Commission. This agreement is prepared under the facts that the particular status of the Oriental Orthodox Churches is recognized in the decrees of the Second Vatican Council. Therefore exceptional permission is given for administration and reception of the Sacraments in relation to the members of the Oriental Orthodox Churches. In the same way the particular status of the Catholic Church is recognized in the Synodal decisions of the Malankara Orthodox Syrian Church in February 1977. Therefore exceptional permission is given for administration and reception of the Sacraments in relation to the members of the Catholic Church. (Quoted from the Statement).

ജനറൽ സെക്രട്ടറിയുടെ കത്ത്

പരിശുദ്ധ സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. പരിവർത്തനത്തിന്റെയും, രൂപാന്തരത്തിന്റെയും കാലമായി ഈ നോമ്പനുഷ്ഠാനം മാറണം. അതിനനുസരിച്ചുള്ള ഭാഷയും, ഭാഷണവും, ഭക്ഷണവും നാം ശീലിക്കണം. അജപാലകർ എന്ന നിലയിൽ അതിജീവനത്തിന്റെ കാഹളം ജനമദ്ധ്യത്തിൽ മുഴക്കുവാൻ നമുക്ക് കഴിയണം.

വൈദിക സംഘത്തിന്റെ കേരളത്തിലെ മേഖലാ സമ്മേളനങ്ങൾ 2024-ൽ പൂർത്തീകരിച്ച് ഇപ്പോൾ മേഖലാ അടിസ്ഥാനത്തിൽ റിഫ്രഷർ കോഴ്സ് നടന്നു വരുന്നു. ഇതിനകം തെക്കൻ മേഖലാ സമ്മേളനം കൊട്ടാരക്കരയിൽ വച്ചും സെൻട്രൽ സോണിന്റെ ആദ്യ സമ്മേളനം പരുമലയിലും രണ്ടാം സമ്മേളനം ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിലും വച്ച് നടത്തപ്പെട്ടു. വടക്കൻ മേഖലാ സമ്മേളനം മാർച്ച് 4-ന് മുളക്കുളം കർമ്മേൽകുന്നിലും, മലബാർ മേഖലയുടെ സമ്മേളനം മാർച്ച് 18 ന് കുന്നംകുളം അരമനയിൽ വച്ചും നടത്തപ്പെടും. സമകാലിക ലോകത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട ആത്മീയ മാർഗ്ഗം (The Orthodox Way in the Contemporary World) എന്നതാണ് മേഖലാ സമ്മേളനങ്ങളുടെ ചിന്താവിഷയം. ഈ വിഷയം ആസ്പദമാക്കിയുള്ള പഠനങ്ങളും ലേഖനങ്ങളും പുരോഹിതൻ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചു തരാവുന്നതാണ്.

റിട്ടയാർഡ് വൈദികരുടെ കുടുംബസംഗമം ഫെബ്രുവരി 21 ന് കോലഞ്ചേരിയിൽ നടന്നു.

നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികം പ്രമാണിച്ച് വിശ്വാസ പഠന ശിബിരം 2025 മെയ് മാസം ചേപ്പാട് സെന്റ് ജോർജ് വലിയ പള്ളിയിൽ (തീർത്ഥാടന കേന്ദ്രം) വച്ച് നടത്തപ്പെടുന്നതാണ്.

അടുത്ത ഗ്ലോബൽ സമ്മേളനം 2026 മെയ് 26, 27, 28 തീയതികളിൽ നടത്തുന്നതിന് ദൈവത്തിൽ ശരണപ്പെടുന്നു. കേരളത്തിനു പുറത്തും വിദേശത്തും ശുശ്രൂഷിക്കുന്ന വൈദികർ അവധി ക്രമപ്പെടുത്തുന്നതിനാണ് നേരത്തേ തന്നെ തീയതികൾ അറിയിക്കുന്നത്.

പുതിയ നിയമനങ്ങൾ

- സൗത്ത് സോൺ സെക്രട്ടറി: റവ. ഫാ. ജോൺ ഗീവറുഗിസ് (മിഥുൻ) തേവലക്കര.
- പുരോഹിതൻ മാസിക മാനേജിംഗ് എഡിറ്റർ: റവ. ഫാ. ജോബ് സാം മാത്യു, ഓർത്തഡോക്സ് സെമിനാരി, കോട്ടയം
- പ്രീച്ചേഴ്സ് ഫോറം കോ-ഓർഡിനേറ്റർ: റവ. ഫാ. സി. ഡി. രാജൻ നല്ലില

ഇവരെ പ്രസ്ഥാനം പ്രസിഡൻറ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിയമിച്ചു.

വൈദിക ചരമം

Gururathnam Rev. Fr. Dr. T. J. Joshua - Kottayam
Very. Rev. K. O. Philip Cor Episcopa - Chengannur Diocese
Very. Rev. C. K. John Cor Episcopa - Kandanad East Diocese
Rev. Fr. John Vallikkattil- Kandanad East
Rev. Fr. Abraham Varghese - Mavelikkara Diocese
Rev. Fr. George Koshy - North East Diocese
Rev. Fr .G. Koshy, Ottaplamoottil, - Kottarakkara-Punalur Diocese.
Rev. Fr. Y. John, Sooranad - Kollam Diocese
Rev. Fr. T. G. Stephen, Kanakappalam – Nilackal Diocese
Rev. Fr. P. M. Philippose - Nilackal diocese
Rev. Fr. T. I. Paulose - Kochi Diocese
Rev. Fr. Abraham Thomas - Calcutta Diocese

അനുഗൃഹീതമായി പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ച ഈ ആചാര്യ ശ്രേഷ്ഠന്മാരെ സ്വർഗ്ഗീയഭവനങ്ങളിൽ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പറുദീസായെന്ന ആത്യന്തിക ലക്ഷ്യത്തിലേക്കുള്ള തീർഥയാത്രയാകുന്നു ക്രിസ്തീയ ജീവിതം. അത് പൂർണ്ണമാകുവാനും, ക്രിസ്തുവിലുള്ള നമ്മുടെ ജീവിതക്രമം നേരെയാക്കാനുമായി സഭാപിതാക്കന്മാരാൽ ക്രമീകരിച്ചിരിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ ഈ വ്രതാനുഷ്ഠാന കാലത്ത് അതിന്റെ പൂർണ്ണതയിൽ അനുഷ്ഠിച്ച് ആത്മ സാക്ഷാത്കാരം നേടുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"Our hope is focused on Christ's coming again. It is only in that coming that evil would be separated from good, death from life, so that the good can triumph eternally and grow eternally also. In that coming there will be a re-constitution of the universe; all things shall be made new; evil shall be banished. Death and darkness would be finally overcome; light and life and love will triumph."

Dr. Paulose Mar Gregorios
Metropolitan